25 2024 ജൂലൈ വ്യാഴം കർക്കിടകം 10

NAUTICAL TIMES KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391






തിരുവനന്തപുരം Thiruvananthapuram web: www.nauticaltimesmedia.com Volume-5, Issue No.227 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-227 പേജ് 4. വില 2.00 രൂപ



02 ഗൊയ്ഥെ സെൻട്രം ജർമൻ ചലച്ചിത്ര മേള 28 ന്

03 കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് 60 ശതമാനം വരെ കുറക്കും: മന്ത്രി

04 കേരളത്തിൽ ഈ സാമ്പത്തിക വർഷം 25 കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ തുടങ്ങും: മന്ത്രി പി രാജീവ്


# പെയർട്രോളിംഗ് ഭീതിയിൽ വള്ളങ്ങൾ

**ഹാൻജോ ബേബി**
**ശക്തികുളങ്ങര**



കൊല്ലം. ശക്തികുളങ്ങര: ട്രോളിംഗ് നിരോധനം പൂർത്തിയാക്കി കേരള തീരത്ത് ട്രോളറുകൾ കടലിലിറങ്ങുവാൻ ശേഷിക്കുന്നത് ഇനി ഒരാഴ്ചമാത്രം. ട്രോളിംഗ് നിരോധനം കൊണ്ടു നേട്ടം കൊയ്യേണ്ടുന്ന പരമ്പരാഗത മൽസ്യബന്ധനമേഖലയിൽ ഇപ്പോൾ കടുത്ത നിരാശയും ആശങ്കയും നീറി നിൽക്കുന്നു.കാരണം മറ്റൊന്നുമല്ല പ്രതീക്ഷിച്ചതുപോലെ ചാകരക്കോളുകൾ എല്ലാവരെയും തുണച്ചില്ല.വള്ളങ്ങളുടെ ഗ്രൗണ്ടായ തീരക്കടലിലെ മൽസ്യലഭ്യത കുറയുവാൻ കാരണം യാതൊരു വ്യവസ്ഥയുമില്ലാത്ത ട്രോളിംഗ്ബോട്ടുകളുടെ മൽസ്യബന്ധന രീതികളാണന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു.കൊല്ലം ശക്തികുളങ്ങര വളവിൽ തോപ്പിലെ പരമ്പരാഗത വള്ളങ്ങളിലെ തൊഴിലാളികൾ അവരുടെ ആശങ്കകൾ പങ്കുവെച്ചു.

'ആഴക്കടലിലെ ട്രോളിംഗിനു പകരം തീരക്കടലിൽ അനധികൃതമായി പെയർ ട്രോളിംഗ് നടത്തുന്ന അൻപതു സെറ്റു ബോട്ടുകൾ തന്നെയുണ്ട്. ഇവരെ നിയന്ത്രിക്കുവാൻ സർക്കാർ തലത്തിൽ യാതൊരു ഇടപെടലും നടത്തുന്നില്ല.ആകെയുള്ളത് കോസ്റ്റൽ പോലീസ് നടത്തുന്ന പട്രോളിംഗാണ് .അതു വെറും പ്രഹസനമാണ്.പോലീസ് പട്രോളിംഗ് സമയം രഹസ്യമായി ട്രോളറുകളെ അറിയിക്കുകയും അവർ പിൻവാങ്ങുമ്പോൾ യഥേഷ്ടം തീരക്കടലിൽ പെയർട്രോളിംഗ് നടത്തുകയും ചെയ്യുന്നു.ഞങ്ങളുടെ ഉപജീവനമാണ് ഇവർ ഇല്ലാതാക്കുന്നത്.' വളവിൽ തോപ്പിലെ പരമ്പരാഗത മൽസ്യത്തൊഴിലാളിയായ ജസ്റ്റിൻ ജയിംസ് പറഞ്ഞു.' ഇത്തരം അനധികൃത കടന്നുകയറ്റക്കാരെ നിയന്ത്രിക്കുവാൻ കോസ്റ്റൽ പോലീസിന്റെ സാന്നിദ്ധ്യം തീരക്കടലിൽ മുഴുവൻസമയവും ഉണ്ടാവണമെന്നു ജയിംസ് പറയുന്നു.

നിരോധനത്തിനുമുമ്പേ പെയർ ട്രോളറുകൾ തീരക്കടൽ അരിച്ചു പെറുക്കി ചെറുമീനുകൾ വരെ പിടിച്ചുമാറ്റി.അതിന്റെ ശേഷിപ്പാണ് ഇപ്പോൾ മീൻലഭ്യതയിലെ കുറവെന്ന് പരമ്പരാഗതമൽസ്യത്തൊഴിലാളികൾ പറയുന്നു.ഉദ്യോഗസ്ഥ രാഷ്ട്രീയ ലോബിയും പോലീസും ഈ അശാസ്ത്രീയ മൽസ്യബന്ധനത്തിന് കുട്ടു നിൽക്കുന്നതു കൊണ്ടാണ് ിതിനു തടയിടാനൊക്കാത്തെതെന്നിവർ വിശ്വസിക്കുന്നു.ഇനി ചിങ്ങം കന്നി മാസത്തിലെ കറവെള്ളത്തിൽ വരുന്ന മൽസ്യങ്ങളാണ് ഇവരുടെ പ്രതീക്ഷ.തീരത്തുനിന്നു രണ്ടു നോട്ടിക്കൽമൈലുവരെയുള്ള തീരക്കടലിലേക്കു തള്ളിവരുന്ന പരവ,കോര,കണവ തുടങ്ങിയ മൽസ്യങ്ങൾ ഇവരുടെ വറുതി അകറ്റുമെന്ന പ്രതീക്ഷക്കുമേലാണ് പെയർട്രോളിംഗ് ഭീതി ഉയർന്നു നിൽക്കുന്നത്.ശക്തികുളങ്ങര,നീണ്ടകര,മരുത്തടി,വളവിൽ തോപ്പ് ഒഴുക്കുതോട് തുടങ്ങി കോരളതീരത്താകമാനം ഇത്തരത്തിലുള്ള അനധികൃതവും അശാസ്തീയവുമായ മൽസ്യബന്ധനത്തിന്റെ ദുരിതങ്ങൾ പരമ്പരാഗത മേഖല നേരിടുന്നു.ജീവിക്കുവാനും,നിലനിൽപ്പിനുമായി ഞങ്ങളുയർത്തുന്ന പ്രശ്നങ്ങൾ അധികാരികൾ ശ്രദ്ധിക്കുന്നില്ല എന്നതാണ് ഞങ്ങളെ ഏറ്റവുമധികം പ്രയാസപ്പെടുത്തുന്നതെന്നു ശക്തികുളങ്ങരയിലെ പരമ്പരാഗതമൽസ്യത്തൊഴിലാളിയായ ലുക്ക പറയുന്നു.

# 'പോൽ ആപ്പിൽ' കൂടുതൽ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കി കേരള പോലീസ്




കൊല്ലം: ഒറ്റയ്ക്ക് യാത്ര ചെയ്യുന്നവർക്കും വീടുകളിൽ ഒറ്റയ്ക്ക് താമസിക്കുന്നവരുമായ സ്ത്രീകളുടെ സുരക്ഷയ്ക്ക് കൂടുതൽ സംവിധാനങ്ങൾ ഒരുക്കി കേരള പോലീസിന്റെ പോൽ ആപ്പ്. പുതിയ നിർദേശങ്ങൾ ഇന്നലെ ആപ്പിന്റെ ഫേസ് ബുക്ക് പോസ്റ്റായി കുറിച്ചിട്ടുണ്ട്.കേരള പോലീസിന്റെ സേവനങ്ങൾ ജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്ന പോൽ ആപ്പ് എന്ന മൊബൈൽ ആപ്ലിക്കേഷനിൽ സ്ത്രീസുരക്ഷയ്ക്കായി നിരവധി സേവനങ്ങൾ ഇതിനകം നിലവിൽ ഉണ്ട്.

ആപത്ഘട്ടങ്ങളിൽ അടിയന്തരമായി പോലീസിനെ വിവരം അറിയിക്കാൻ വേണ്ടിയുള്ളതാണ് എസ്ഒഎസ് സംവിധാനം. എസ്ഒഎസ് ബട്ടണിൽ അമർത്തുമ്പോൾ ലൊക്കേഷനോടുകൂടിയ സന്ദേശം പോലീസിന്റെ അടിയന്തര സഹായ സംവിധാനത്തിൽ ലഭിക്കും.

ഉടൻ തന്നെ പോലീസ് കൺട്രോൾ റൂമിൽ നിന്ന് തിരികെ വിളിക്കുകയും വിവരം അന്വേഷിച്ച് നടപടി സ്വീകരിക്കുകയും ചെയ്യും. നിങ്ങളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനിൽ നിന്ന് ഉടൻ സഹായം എത്തിക്കുകയും ചെയ്യും. സേവനം ഉപയോഗിക്കുന്നതിന് മുമ്പായി എമർജൻസി കോൺടാക്ട് നമ്പരുകൾ സേവ് ചെയ്തിട്ടുണ്ടെങ്കിൽ ലൊക്കേഷൻ പങ്കിട്ടുകൊണ്ടുള്ള ഒരു സന്ദേശം ആ നമ്പറിലേയ്ക്കും ലഭിക്കുന്നതായിരിക്കും.

യാത്ര ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷയ്ക്കായി ട്രാക്ക് മൈ ട്രിപ്പ് എന്ന സേവനവും ലഭ്യമാണ്. നിങ്ങൾ സഞ്ചരിക്കുന്ന വാഹനത്തിന്റെ നമ്പരിന്റെ ഫോട്ടോ എടുത്ത് ആപ്പിൽ സേവ് ചെയ്തിരിക്കുന്ന എമർജൻസി കോൺടാക്ട് നമ്പറിലേക്ക് അയയ്ക്കാവുന്നതാണ്. അതുവഴി യാത്ര നിരീക്ഷിക്കുവാൻ കഴിയും. യാത്രാമധ്യേ പോലീസിന്റെ സേവനം ആവശ്യമായി വന്നാൽ എസ്ഒഎസ് സംവിധാനം ഉപയോഗിക്കാം.തനിച്ച് താമസിക്കുന്ന സ്ത്രീകൾക്ക് അവരുടെ സുരക്ഷയുറപ്പാക്കാനും സഹായത്തിനുമായി സിംഗിൾ വുമൺ ലിവിങ് എലോൺ എന്ന സേവനവും ഉപയോഗിക്കാം. അതിനായി സേവനം വേണ്ടയാളുടെ തിരിച്ചറിയൽ രേഖയും മേൽവിലാസവും താമസിക്കുന്ന ജില്ലയും പോലീസ് സ്റ്റേഷൻ പരിധി ഏതാണെന്നുമുള്ള വിവരങ്ങൾ ആപ്പിൽ നൽകിയാൽ ജനമൈത്രി പോലീസിന്റെ സഹായം ലഭിക്കും.

സ്ത്രീകൾക്ക് പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസറെ കാണുന്നതിനായി പോൽ ആപ്പിലൂടെ അപ്പോയിൻമെൻറ് എടുക്കാൻ സാധിക്കും. അതിനായി അപ്പോയിൻമെൻറ് വിത്ത് എസ്എച്ച്ഒ എന്ന സേവനം ലഭ്യമാണ്. എസ്എച്ച്ഒയെ കാണേണ്ട തീയതിയും സമയവും ആപ്പിലൂടെ തെരഞ്ഞെടുക്കാവുന്നതാണ്.

ഇവ കൂടാതെ പുതിയ സ്ഥലങ്ങളിലേക്ക് പോവുകയാണെങ്കിൽ ആ സ്ഥലത്തെ പോലീസ് സ്റ്റേഷനും അനുബന്ധ വിവരങ്ങളും ടൂറിസ്റ്റ് ഗൈഡ് എന്ന സേവനത്തിലൂടെ ലഭ്യമാണ്. കൂടാതെ പിങ്ക്. പട്രോൾ, അപരാജിത, ദിശ, സൈബർ ക്രൈം ഹെൽപ് ലൈൻ തുടങ്ങിയ സേവനങ്ങളുടെ നമ്പറും ആപ്പിൽ നിന്ന് ലഭിക്കും. പോൽ ആപ്പിലെ മറ്റു സേവനങ്ങൾക്ക് പുറമെയാണ് സ്ത്രീകളുടെ സുരക്ഷ മുന്നിൽനിർത്തി ഈ സേവനങ്ങൾകൂടി ലഭ്യമാക്കുന്നത്.

# മോദികാണ്ഡം; ഇന്ത്യൻ വിദേശനയത്തിന്റെ കടലറിവുകൾ

**ബേണി ഫെർണാണ്ടസ്**



കൊല്ലം: ഇറ്റാലിയൻ മറീനുകളുടെ വെടിയേറ്റുമരിച്ച കേരള തീരത്തെ മൽസ്യത്തൊഴിലാളികൾക്ക് നീതി ലഭിക്കാതെ പോയതിന്റെ കാരണം ഇന്ത്യൻ വിദേശനയത്തിന്റെ പരിമിതിയോ അപര്യാപ്തയോ കൊണ്ടാണന്നും,ഈ വിഷയത്തിൽ അന്തർദ്ദേശീയ കോടതിയൽപ്പോലും നീതി നേടിക്കൊടുക്കുവാൻ കേന്ദ്രസർക്കാരിനു കഴിയാതെ പോയെന്നും എംജി യൂണിവേഴ്സിറ്റി വിദേശകാര്യ പഠനവിഭാഗം മുൻമേധാവിയും പ്രശസ്ത സാമൂഹ്യ നിരീക്ഷകനുമായ പ്രൊഫസ്സർ കെ എം സീതി അഭിപ്രായപ്പെട്ടു.കേരളയൂണിവേഴ്സിറ്റി പൊളിറ്റിക്കൽ സയൻസ് വിഭാഗം മുൻ മേധാവി ഡോക്ടർ:ജോസഫ് ആന്റെണി രചിച്ച ' ഇന്ത്യൻ വിദേശനയം: മോദികാണ്ഡം' എന്ന ലേഖന സമാഹാരം ഏറ്റുവാങ്ങിക്കൊണ്ടു നടത്തിയ പ്രസംഗത്തിലാണ് പ്രൊഫസർ കെ എം സീതി വിദേശനയത്തിന്റെ പാളിച്ചയും കടൽക്കൊലയും പരാമർശവിഷയമായത്. കേരളത്തിന്റെയും തമിഴ്നാടിന്റെയും തീരങ്ങളിൽനിന്നും മൽസ്യത്തൊഴിലാളികളെ ശ്രീലങ്കയിലും മറ്റും സുരക്ഷാസേനകൾ പിടിക്കുകയും ജയിലിലടക്കുകയും ചെയ്യുന്നതും ശക്തമായ വിദേശനയത്തിലൂടെ പരിഹരിക്കപ്പെടേണ്ടതാണന്നും കേന്ദ്രത്തിന്റെ ഉത്തരവാദിത്വം ആണെന്നും പ്രൊഫസർ ചൂണ്ടിക്കാട്ടി. കേരളത്തിന്റെ പ്രമുഖമായ ശക്തികുളങ്ങര കടൽതീരത്തെ പ്രശസ്തമായ മരുത്തടി ദേവീക്ഷേത്രാങ്കണത്തിൽ നടന്ന പ്രൗഢഗംഭീരമായ പുസ്തകപ്രകാശന ചടങ്ങിൽ അന്തർദ്ദേശീയ തലത്തിൽ ചർച്ചയാവുകയും വരുംകാലത്ത് വിദേശനയത്തിലും, നിയമത്തിലും പഠനമർഹിക്കുന്ന കേരള തീരത്തെ മൽസ്യത്തൊഴിലാളികൾ നേരിട്ട വിഷയം സൂക്ഷ്മതയോടെ പ്രൊഫ:കെഎം സീതി ചൂണ്ടിക്കാട്ടിയത് പുസ്തകരചയിതാവിന്റെ ജീവിത പശ്ചാത്തലവും ഭൂമികയും തിരിച്ചറിഞ്ഞതുകൊണ്ടു തന്നെയാവണം.പ്രൊഫസർ ജോസഫ് ആന്റെണിയെ രൂപപ്പെടുത്തിയതിൽ നിർണ്ണായകമായ പങ്കുവഹിക്കന്നുവെന്നു ഊറ്റം കൊള്ളുന്ന തീര സമൂഹത്തിന്റെ മധ്യത്തിലായിരുന്നു പുസ്തകപ്രകാശനം.എല്ലാ അർത്ഥത്തിലും പൂർണ്ണമായ മൽസ്യത്തൊഴലാളി കുടുംബത്തിൽ നിന്നും ഉയർന്നുവന്ന മാതൃകയാണ് ജോസഫ് ആന്റെണി.പുസ്തകം വിവക്ഷിക്കുന്ന വിദേശനയ നിരീക്ഷണങ്ങൾ അദ്ദേഹത്തിന്റെ ഈ മേഖലയുള്ള പരിചയസമ്പന്നതയും ലാളിത്യമുള്ള രചനയും ഉയർത്തിക്കാട്ടുന്നു.മുൻ എംപിയും,നിയമസഭാ സാമാജികനുമായിട്ടുള്ള സിപിഎം നേതാവ് സുരേഷ്കുറുപ്പ് പുസ്തകം പ്രകാശനം ചെയ്തു.സുജിത് വിജയൻപിള്ള എംഎൽഎ അദ്ധ്യകഷത വഹിച്ചു.പ്രമുഖ ട്രേഡ് യൂണിയൻ നേതാവ് കെ.സുരേഷ് ബാബു,ജില്ലയിലെ പ്രമുഖ സിപിഎം നേതാവ് വികെ അനിരുദ്ധൻ,വിശ്വധർമ്മം പത്രാധിപരും,സാമൂഹ്യസാംസ്കാരിക പ്രവർത്തകനുമായ മർഷൽഫ്രാങ്ക് തുടങ്ങിയവർ ആശംസകൾ നേർന്നു.








*കേരള സ്റ്റാർട്ടപ്പ് മിഷനും (കെഎസ് യുഎം) ഹീറോ മോട്ടോകോർപ്പ് ലിമിറ്റഡു (എച്ച്എംസിഎൽ) മായുള്ള ധാരണാപത്രം ഒപ്പുവച്ച ശേഷം കെഎസ് യുഎം സിഇഒ അനൂപ് അംബികയും എച്ച്എംസിഎൽ എമർജിംഗ് മൊബിലിറ്റി ചീഫ് ബിസിനസ് ഓഫീസർ സ്വദേശ് കുമാർ ശ്രീവാസ്തവയും ഐടിഇലക്ട്രോണിക്സ് സെക്രട്ടറി രത്തൻ യു ഖേൽക്കറിനോടൊപ്പം.*

# ആധാരമെഴുത്തുകാർക്ക് തൊഴിൽ നഷ്ടപ്പെടില്ല: മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി

രജിസ്ട്രേഷൻ വകുപ്പ് നടത്തുന്ന പരിഷ്കാരങ്ങളെ ത്തുടർന്ന് ആധാരം എഴുത്തുകാർക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാവില്ലെന്നും സാധ്യതകളുടെ പുതിയ വാതായനങ്ങൾ തുറക്കുമെന്നും രജിസ്ട്രേഷൻ, പുരാരേഖ, പുരാവസ്തു മ്യൂസിയം വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. സെക്രട്ടേറിയറ്റ് സൗത്ത് കോൺഫറൻസ് ഹാളിൽ ആധാരം എഴുത്തുകാരുടെ സംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

എന്റെ ഭൂമി പോർട്ടൽ പരിചയപ്പെടുത്തൽ, ആധാരം രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പരിഷ്കരണങ്ങളുടെയും ഏകീകൃത ആധാരഭാഷയുടെയും ആവശ്യകത ബോധ്യപ്പെടുത്തുക, ആധാരം എഴുത്തുകാരുടെ പ്രശ്നങ്ങൾ കേൾക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ നടന്ന ചർച്ചയിൽ സംസ്ഥാനത്തിന്റെ വലിയ വരുമാന സ്രോതസ്സാണ് വകുപ്പെന്നും രജിസ്ട്രേഷൻ വകുപ്പിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് നടത്തുന്ന ശ്രമങ്ങളിൽ എല്ലാവരുടെയും സഹകരണം ആവശ്യമാണെന്നും മന്ത്രി പറഞ്ഞു. രജിസ്ട്രേഷൻ വകുപ്പ് ഇൻസ്പെക്ടർ ജനറൽ ശ്രീധന്യ സുരേഷ് വകുപ്പിൽ നടപ്പാക്കുന്ന ആധുനികവത്കരണ നടപടികൾ വിശദീകരിച്ചു. എൻഐസി ഉദ്യോഗസ്ഥർ എന്റെ ഭൂമി പോർട്ടലിലെ ആധാരം രജിസ്ട്രേഷൻ നടപടികൾ പരിചയപ്പെടുത്തി. തുടർന്ന് നടന്ന ചർച്ചയിൽ ആധാരം എഴുത്തുകാർ മേഖലയിലെ വിവിധ പ്രശ്നങ്ങൾ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. ആധാരം എഴുത്ത് ഫീസ് വർധിപ്പിക്കണം, ഡോക്യുമെന്റ് വർക്കേഴ്സ് ആക്ട് കൊണ്ടുവരണം, ആർക്കും ആധാരം എഴുതാം എന്ന ഉത്തരവ് പിൻവലിക്കണം, എന്റെ ഭൂമി പോർട്ടലിലെ ലോഗിൻ അവകാശം ആധാരം എഴുത്തുകാർക്കായി പരിമിതപ്പെടുത്തണം, ഓണം ഫെസ്റ്റിവൽ അലവൻസ് വർധിപ്പിക്കണം, ഉദ്യോഗസ്ഥരുടെ നിസ്സഹകരണം, ക്ഷേമനിധിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തുടങ്ങിയവ സംഘടനപ്രതിനിധികൾ ചർച്ചയിൽ ഉന്നയിച്ചു.

ക്ഷേമനിധിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഉടൻ തീരുമാനമെടുക്കുമെന്നും ആധാരം ആർക്കും എഴുതാനുള്ള അവകാശം നൽകുന്ന ഉത്തരവ് പിൻവലിക്കുക എന്നതടക്കമുള്ള വിവിധ ആവശ്യങ്ങൾ സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തുമെന്നും മന്ത്രി മറുപടിയായി പറഞ്ഞു.

# സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയുടെ വളർച്ചയ്ക്കായി കേരള സ്റ്റാർട്ടപ്പ് മിഷനും ഹീറോ മോട്ടോകോർപ്പ് ലിമിറ്റഡും ധാരണാപത്രം ഒപ്പിട്ടു

തിരുവനന്തപുരം: കേരളത്തിലെ സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ഓട്ടോമോട്ടീവ് രംഗത്തെ പ്രമുഖരായ ഹീറോ മോട്ടോകോർപ്പ് ലിമിറ്റഡ് (എച്ച്എംസിഎൽ) കേരള സ്റ്റാർട്ടപ്പ് മിഷനുമായി (കെഎസ് യുഎം) പങ്കാളിത്തത്തിൽ. ഇതു സംബന്ധിച്ച് കേരള സ്റ്റാർട്ടപ്പ് മിഷൻ സിഇഒ അനൂപ് അംബികയും ഹീറോ മോട്ടോകോർപ്പ് ലിമിറ്റഡിൻറെ എമർജിംഗ് മൊബിലിറ്റി ചീഫ് ബിസിനസ് ഓഫീസർ സ്വദേശ് കുമാർ ശ്രീവാസ്തവയും ധാരണാപത്രം ഒപ്പുവച്ചു. ഐടിഇലക്ട്രോണിക്സ് സെക്രട്ടറി രത്തൻ യു ഖേൽക്കറിൻറെ സാന്നിധ്യത്തിലായിരുന്നു ചടങ്ങ്. സംസ്ഥാനത്ത് നവീകരണവും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള സുപ്രധാന ചുവടുവയ്പാണ് ഈ കരാർ.

കേരളത്തിലെ സ്റ്റാർട്ടപ്പുകളുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിന് കൂട്ടായ സഹകരണം പ്രയോജനപ്പെടുത്തുന്നതിനുള്ള പ്രതിബദ്ധതയാണ് ഈ പങ്കാളിത്തം കാണിക്കുന്നതെന്ന് അനൂപ് അംബിക പറഞ്ഞു. ഇത് സംസ്ഥാനത്ത് കൂടുതൽ ശക്തവും ചലനാത്മകവുമായ ഒരു സംരംഭകത്വ അവസരങ്ങൾക്ക് വഴിയൊരുക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

കരാറിലൂടെ കേരളത്തിലെ സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കാനും പരിപോഷിപ്പിക്കാനും കെഎസ് യുഎമ്മിനും എച്ച്എംസിഎല്ലിനും സാധിക്കും. എച്ച്എംസിഎല്ലിൻറെ ആവശ്യകതകളെ അടിസ്ഥാനമാക്കിയുള്ള സ്റ്റാർട്ടപ്പുകളെ കെഎസ് യുഎം തിരിച്ചറിഞ്ഞ് ശുപാർശ ചെയ്യും. ഈ സ്റ്റാർട്ടപ്പുകൾക്ക് ആവശ്യമായ വിഭവങ്ങളും പിന്തുണയും നൽകുകയും ചെയ്യും.

വളർന്നുവരുന്ന സംരംഭകർക്ക് അറിവും ഉൾക്കാഴ്ചയും നൽകുന്നതിനായി കെഎസ് യുഎമ്മും എച്ച്എംസിഎല്ലും ചേർന്ന് ശിൽപ്പശാലകളും വിജ്ഞാന സെഷനുകളും സംഘടിപ്പിക്കും. എച്ച്എംസിഎല്ലിൻറെ നൂതന സംരംഭങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് കെഎസ് യുഎം നേതൃത്വം നൽകും. സംസ്ഥാന, ദേശീയ തലങ്ങളിൽ എച്ച്എംസിഎല്ലിൻറെ ബ്രാൻഡും സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി പരിപാടികളും റോഡ് ഷോകൾ സംഘടിപ്പിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു.

എച്ച്എംസിഎൽ തിരഞ്ഞെടുത്ത സംരംഭങ്ങൾക്ക് സംസ്ഥാന സ്റ്റാർട്ടപ്പ് സ്കീമിന് കീഴിലുള്ള ആനുകൂല്യങ്ങൾ കെഎസ് യുഎം നൽകും. സാമ്പത്തിക സഹായം, ഗ്രാൻറുകൾ, ഇൻകുബേഷൻ സൗകര്യങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടും. എച്ച്എംസിഎല്ലിൻറെ ബ്രാൻഡ് മാർഗനിർദ്ദേശങ്ങൾ പാലിച്ചായിരിക്കും പ്രവർത്തനങ്ങൾ മുന്നോട്ടുപോകുക.

# രാജ്യത്തെ 'ടോപ്പ് ജിബിഎസ് എംപ്ലോയേഴ്സ് 2024' അംഗീകാരം അലിയാൻസ് സർവീസസ് ഇന്ത്യയ്ക്ക്

തിരുവനന്തപുരം: ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന അലിയാൻസ് സർവീസസ് ഇന്ത്യയെ രാജ്യത്തെ ഏറ്റവും മികച്ച തൊഴിൽ ദാതാക്കളിലൊന്നായി ആഗോള ഗവേഷണ സ്ഥാപനമായ എവറസ്റ്റ് ഗ്രൂപ്പ് നടത്തിയ പഠനത്തിൽ രേഖപ്പെടുത്തി.

ഗ്ലോബൽ ബിസിനസ് സർവീസസ് (ജിബിഎസ്) സ്ഥാപനങ്ങൾക്കിടയിൽ നടത്തിയ പഠനത്തിലാണ് രാജ്യത്തെ 'ടോപ്പ് ജിബിഎസ് എംപ്ലോയേഴ്സ് 2024' ൽ ഒന്നായി അലിയാൻസ് സർവീസസ് ഇന്ത്യയെ തിരഞ്ഞെടുത്തത്.

അലിയാൻസ് സർവീസസിൻറെ ഭാഗമായ അലിയാൻസ് സർവീസസ് ഇന്ത്യ തിരുവനന്തപുരം ടെക്നോപാർക്കിന് പുറമെ മുംബൈ, പൂനെ എന്നിവിടങ്ങളിലും പ്രവർത്തിക്കുന്നു.

അലിയാൻസ് സർവീസസ് ഇന്ത്യയിലെ തൊഴിലന്തരീക്ഷവും ജീവനക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളുമടക്കം നിരവധി തലങ്ങളിലുള്ള തൊഴിൽ സ്ഥാപനങ്ങളുടെ സമീപനം പഠന വിധേയമാക്കിയതിൻറെ അടിസ്ഥാനത്തിലാണ് അംഗീകാരം. ജീവനക്കാരിൽ നിന്നുള്ള പ്രതികരണങ്ങളും അവലോകനങ്ങളും വിലയിരുത്തിയാണ് മികച്ച സ്ഥാപനങ്ങളെ എവറസ്റ്റ് ഗ്രൂപ്പ് തിരഞ്ഞെടുക്കുന്നത്. 2024ലെ മികച്ച ജിബിഎസ് എംപ്ലോയർ ആയി അലിയാൻസ് സർവീസസ് ഇന്ത്യയ്ക്ക് ലഭിച്ച ഈ അംഗീകാരം അഭിമാനകരമാണെന്ന് അലിയാൻസ് സർവീസസ് ഇന്ത്യ, മൗറീഷ്യസ്, മൊറോക്കോ, പോർച്ചുഗൽ മേഖലകളുടെ ചീഫ് ഡെലിവറി ഓഫീസറും അലിയാൻസ് സർവീസസ് ഇന്ത്യയുടെ എംഡിയും സിഇഒയുമായ ജിസൺ ജോൺ പറഞ്ഞു.

ജീവനക്കാരെ വിലമതിക്കുകയും പിന്തുണയ്ക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നതിനൊപ്പം ക്രിയാത്മകവും എല്ലാവരേയും ഉൾക്കൊള്ളുന്നതുമായ തൊഴിലിട സംസ്കാരം വളർത്തിയെടുക്കുന്നതിലുമുള്ള അലിയാൻസ് സർവീസസ് ഇന്ത്യയുടെ പ്രതിബദ്ധതയെ ഈ അംഗീകാരം അടിവരയിടുന്നെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ആഗോളതലത്തിൽ അലിയാൻസ് ഗ്രൂപ്പിന് സേവനങ്ങൾ ലഭ്യമാക്കുന്ന മികച്ച കേന്ദ്രങ്ങളിലൊന്നാണ് അലിയാൻസ് സർവീസസിൻറെ ഭാഗമായ അലിയാൻസ് സർവീസസ് ഇന്ത്യ. ഇൻഷുറൻസ് ഓപ്പറേഷൻസ്, ബിസിനസ് കൺസൾട്ടിംഗ്, ബിസിനസ് അനലിറ്റിക്സ്, ആക്ചറിയൽ സർവീസസ്, ഓട്ടോമേഷൻ, പിഎംഒ സർവീസസ്, ബിസിനസ് ടെസ്റ്റിംഗ്, ഫിനാൻഷ്യൽ ബിസിനസ് സർവീസസ് തുടങ്ങിയ സേവനങ്ങൾ ഇതിൽ പ്രധാനപ്പെട്ടതാണ്.

## മദ്യപിക്കുന്നവർക്കെതിരെ നടപടിയെടുത്ത തോടെ കെഎസ്ആർടിസി ഇടിച്ചുള്ള മരണങ്ങൾ ഇല്ലാതായി: ഗതാഗതമന്ത്രി

തിരുവനന്തപുരം: കർശനമായ മദ്യപാന നിയന്ത്രണം ഏർപ്പെടുത്തിയതോടെ കെഎസ്ആർടിസി വാഹനങ്ങൾ ഇടിച്ചുള്ള അപകടങ്ങളിലെ മരണം പൂർണമായി ഇല്ലാതാക്കാൻ കഴിഞ്ഞുവെന്ന് ഗതാഗതമന്ത്രി കെ.ബി.ഗണേഷ് കുമാർ.15 ആഴ്ച മുൻപ് കെഎസ്ആർടിസി വാഹനങ്ങൾ ഇടിച്ചു മരിക്കുന്നവരുടെ എണ്ണം ആഴ്ചയിൽ ഏഴും എട്ടും ആയിരുന്നു. എന്നാൽ നിയന്ത്രണങ്ങൾ കർശനമാക്കിയതോടെ ഇത് പൂജ്യമാക്കാൻ കഴിഞ്ഞു. മറ്റ് അപകടങ്ങളുടെ എണ്ണവും കേരളത്തിൽ കുറഞ്ഞിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.കെഎസ്ആർടിസിയിൽ ഓണത്തിനു മുൻപുതന്നെ ഒറ്റ ഗഡുവായി ശമ്പളം നൽകും. നാലാഴ്ച കൊണ്ടു കെഎസ്ആർടിസിയിൽ റിക്കോർഡ് വരുമാനമുണ്ടായെന്നും ഗണേഷ് കുമാർ കൂട്ടിച്ചേർത്തു.

## അമീബിക് മസ്തിഷ്കജ്വരം: സംസ്ഥാനത്ത് ഒരു കുട്ടി കൂടി ചികിത്സയിൽ

കോഴിക്കോട്: സംസ്ഥാനത്ത് ഒരു കുട്ടി കൂടി അമീബിക് മസ്തിഷ്ക ജ്വര ലക്ഷണങ്ങളോടെ ചികിത്സയിൽ. കോഴിക്കോട് സ്വദേശിയായ നാലു വയസുകാരൻ ആണ് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലുള്ളത്.

കുട്ടിയുടെ നില തൃപ്തികരമാണ്. നിലവിൽ മുറിയിലേക്ക് മാറ്റിയ കുട്ടിയുടെ പരിശോധനാഫലം ഇന്ന് പുറത്ത് വരും. അതേസമയം, അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച കണ്ണൂർ സ്വദേശിയായ മൂന്നര വയസുകാരൻ ഗുരുതരാവസ്ഥയിൽ വെൻറിലേറ്ററിലാണ്.

കോഴിക്കോട് പയ്യോളി സ്വദേശിയായ പതിനാലുകാരൻ കഴിഞ്ഞ ദിവസം രോഗമുക്തി നേടി വീട്ടിലേക്കു മടങ്ങിയിരുന്നു. അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച ശേഷം ഇന്ത്യയിലാദ്യമായി രോഗമുക്തി നേടിയ കേസായിരുന്നു ഇത്.

## താത്കാലിക നിയമനം

കെ.എസ്.സി.എസ്.ടി.ഇ ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ കാഷ്വൽ ലേബർ/ ലാബ് അറ്റൻഡർ തസ്തികയിലേക്ക് നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. പ്രതിദിന വേതനം 645 രൂപ. 2024 ജനുവരി 1ന് 36 വയസ്സ് കവിയരുത്. 50 ശതമാനം മാർക്കോടെ പത്താം ക്ലാസ് പാസായിരിക്കണം. ടിഷ്യുകൾച്ചർ ലാബുകളിലെ 3 മാസത്തെ പ്രവൃത്തി പരിചയം ആവശ്യമാണ്. ജൂലൈ 31ന് പാലോട് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ വാക് ഇൻ ഇന്റർവ്യൂ നടക്കും.

## ജൂനിയർ കൺസൾട്ടന്റ് നിയമനം

സംസ്ഥാന റഗുലേറ്ററി കമ്മീഷൻ ജൂനിയർ കൺസൾട്ടന്റ് (അക്കൗണ്ട്സ്) നിയമനത്തിന് അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 7. കൂടുതൽ വിവരങ്ങൾക്ക്: www.erckerala.org .

## ഡി.സി.എ ഒമ്പതാം ബാച്ച് പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി

സ്കോൾ കേരള ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ) കോഴ്സ് ഒമ്പതാം ബാച്ചിന്റെ 2024 മെയ് മാസത്തിൽ നടത്തിയ പരീക്ഷയുടെയും സപ്ലിമെന്ററി പരീക്ഷയുടെയും ഫലം പ്രസിദ്ധപ്പെടുത്തി. സംസ്ഥാനത്താകെ 1899 വിദ്യാർഥികളാണ് പരീക്ഷ എഴുതിയത്. ഇതിൽ 1468 വിദ്യാർഥികൾ നിശ്ചിത യോഗ്യത നേടി. വിജയശതമാനം 77.3. 312 വിദ്യാർഥികൾ എല്ലാ വിഷയത്തിനും എ പ്ലസ് ഗ്രേഡ് നേടി. പരീക്ഷാഫലം സ്കോൾ കേരള വെബ്സൈറ്റിൽ (www.scolekerala.org) ലഭ്യമാണ്. വിദ്യാർഥികൾക്ക് അവരുടെ രജിസ്റ്റർ നമ്പർ രേഖപ്പെടുത്തി മാർക്ക് ലിസ്റ്റിന്റെ പകർപ്പ് വെബ്സൈറ്റിൽ നിന്നും എടുക്കാവുന്നതാണ്.

ഉത്തരക്കടലാസ് പുനർമൂല്യനിർണയം/ സ്ക്രൂട്ടണി/ ഫോട്ടോകോപ്പി എന്നിവയ്ക്ക് ജൂലൈ 25 മുതൽ 30 വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം. അപേക്ഷ ഫോറം സ്കോൾ കേരള വെബ്സൈറ്റിൽ ലഭ്യമാണ്. പുനർമൂല്യനിർണ്ണയത്തിന് ഒരു പേപ്പറിന് 500 രൂപയും, സ്ക്രൂട്ടണി ഒരു പേപ്പറിന് 200 രൂപയും, ഫോട്ടോ കോപ്പിയ്ക്ക് ഒരു പേപ്പറിന് 300 രൂപയുമാണ് ഫീസ്. ഫീസ് ഓൺലൈനായും, ഓഫ്ലൈനായും അടയ്ക്കാം. ഓഫ്ലൈനായി ഫീസ് അടയ്ക്കുന്നതിന് സ്കോൾ കേരള വെബ്സൈറ്റിലെ (www.scolekerala.org) 'ജനറേറ്റ് ചെലാൻ' എന്ന ലിങ്കിൽ നിന്നും ഫീസ് അടയ്ക്കാനുള്ള ചെലാൻ ജനറേറ്റ് ചെയ്ത്, ഏതെങ്കിലും ഒരു പോസ്റ്റ് ഓഫീസിൽ ഫീസ് ഒടുക്കാവുന്നതാണ്.

ഫീസ് അടച്ച അസൽ ചെലാനും, മാർക്ക് ലിസ്റ്റിന്റെ പകർപ്പും ഉൾപ്പെടെ ബന്ധപ്പെട്ട പരീക്ഷാകേന്ദ്രം പ്രിൻസിപ്പലിന്റെ സാക്ഷ്യപ്പെടുത്തൽ സഹിതം സെക്രട്ടറി, ബോർഡ് ഓഫ് ഡി.സി.എ എക്സാം, വിദ്യാഭവൻ, പൂജപ്പുര പി.ഒ., തിരുവനന്തപുരം12 എന്ന വിലാസത്തിൽ ജൂലൈ 30 വൈകിട്ട് 5 മണിക്കകം അപേക്ഷ സമർപ്പിക്കണം. നിശ്ചിത സമയപരിധിക്കു ശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ലായെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

## എച്ച്.എസ്.ടി മാത്സിൽ ഭിന്നശേഷി ഒഴിവ്

തിരുവനന്തപുരം എയ്ഡഡ് സ്കൂളിൽ എച്ച്.എസ്.ടി മാത്തമാറ്റിക്സ് വിഭാഗത്തിൽ ഭിന്നശേഷി ഉദ്യോഗാർഥിക്കായി (കേൾവിക്കുറവ് 1) സംവരണം ചെയ്ത തസ്തികയിൽ ഒഴിവുണ്ട്. പത്താം ക്ലാസ്, മാത്തമാറ്റിക്സ് അല്ലെങ്കിൽ സ്റ്റാറ്റിസ്റ്റിക്സ് വിഷയത്തിൽ ബിരുദവും, ബി.എഡ്/ ബി.ടി, യോഗ്യത പരീക്ഷ വിജയം അല്ലെങ്കിൽ തത്തുല്യം എന്നിവയാണ് യാഗ്യത. വയസ്സ് 1840 (ഭിന്നശേഷിക്കാർക്ക് നിയമാനുസൃതമായ വയസിളവ് ലഭിക്കും). യോഗ്യതയുള്ള ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി അതത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ജൂലൈ 31ന് മുമ്പ് പേര് രജിസ്റ്റർ ചെയ്യണം.

## ഹോമിയോ ആശുപത്രിയിൽ ക്ലീനറുടെ ഒഴിവ്

നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് താലൂക്ക് ഹോമിയോ ആശുപത്രിയിൽ താത്കാലിക ഒഴിവിലേക്ക് ക്ലീനറെ നിയമിക്കുന്നു. അറുപത് വയസിൽ താഴെ പ്രായമുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്. താത്പര്യമുള്ളവർ ജൂലൈ 27 വൈകിട്ട് അഞ്ചിന് മുൻപായി അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 7012006237, 9446224595

## ലോക മുങ്ങി മരണ നിവാരണ ദിനാചരണം ജൂലൈ 25 ന്

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ജൂലൈ 25 ന് ലോക മുങ്ങി മരണ ദിനാചരണത്തിന്റെ ഭാഗമായി 'ആരും മുങ്ങി മരിക്കരുത്, പ്രതിരോധിക്കാം നമുക്ക്' എന്ന സന്ദേശത്തിന് ഊന്നൽ നൽകി സംസ്ഥാന, ജില്ലാ തലങ്ങളിൽ വിവിധയിനം പരിപാടികൾ സംഘടിപ്പിക്കും. സംസ്ഥാന തലത്തിൽ തിരുവനന്തപുരം ജില്ലയിലെ നാഷണൽ കേഡറ്റ് കോർപ്സ്, ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്, നെഹ്റു യുവ കേന്ദ്ര, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നീ സംഘടനകളിൽ നിന്നുള്ള കുട്ടികളാണ് പരിപാടിയിൽ പങ്കെടുക്കുന്നത്. ജൂലൈ 25 ന് രാവിലെ 10 മണി മുതൽ തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് മുങ്ങി മരണ നിവാരണത്തെ കുറിച്ചുള്ള അവബോധം വളർത്തുന്നതിനുള്ള പരിപാടികൾ നടക്കും. നീന്തലിൽ വിദഗ്ധ പരിശീലനം ലഭിച്ച ഷാജി കെ എസ് (നീന്തൽ പരിശീലകൻ), സാറാ സാദത്ത് മൂസാവി റാസി (ഫ്രീ ഡൈവിംഗ് പരിശീലകൻ), പി കെ റെജിമോൻ (ഫയർ ആൻഡ് റെസ്ക്യു ഓഫീസർ) എന്നിവർ പരിശീലനത്തിന് നേതൃത്വം വഹിക്കും.

മുങ്ങിമരണ നിവാരണ ദിനാചരണത്തോടനുബന്ധിച്ച് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ജില്ലാ സ്കൂൾ തലങ്ങളിൽ റീൽ മത്സരം സംഘടിപ്പിക്കും. പൊതുജനങ്ങളിൽ അവബോധം വളർത്തുന്നതിലൂടെയും ഫലപ്രദമായ സുരക്ഷാ നടപടികൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും മുങ്ങിമരണം ഗണ്യമായി കുറയ്ക്കാനും ജീവൻ രക്ഷിക്കാനും കഴിയും. സംസ്ഥാന ദുരന്ത സന്ദേശ പ്രചാരണവുമായി ബന്ധപ്പെട്ട് ജില്ലാ സ്കൂൾ തലത്തിൽ വീഡിയോ റീൽ മത്സരം സംഘടിപ്പിക്കും. 'മുങ്ങിമരണ പ്രതിരോധം കുട്ടികളിലൂടെ' എന്നതാണ് വിഷയം. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ്സൈറ്റും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളും സന്ദർശിക്കുക.

## സിഡിറ്റ് പാനലിലേക്ക് അപേക്ഷിക്കാം

കേരള സർക്കാർ നിയന്ത്രണത്തിലുള്ള സ്വയംഭരണ സ്ഥാപനമായ സിഡിറ്റ് ഏറ്റെടുത്ത് നടപ്പാക്കിവരുന്ന വീഡിയോ എഡിറ്റിങ്, വീഡിയോ ടൈറ്റിലിങ്, വീഡിയോ കംപോസിറ്റിങ്, ഗ്രാഫിക് ഡിസൈൻ ജോലികൾ വർക്ക് കോൺട്രാക്ട്/ റേറ്റ് കോൺട്രാക്ട് വ്യവസ്ഥയിൽ നിർവഹിക്കുന്നതിലേക്കായി നിശ്ചിത യോഗ്യതയുള്ളവരെ പരിഗണിക്കുന്നതിനായുള്ള പാനൽ തയാറാക്കുന്നു.
പ്ലസ്ടു പാസായിരിക്കണം, ഗ്രാഫിക് ഡിസൈനിങ്, പ്രിന്റ് ഡിസൈനിങ് തുടങ്ങിയ ഏതെങ്കിലും മൂന്ന് മാസത്തിൽ കുറയാതെയുള്ള സർട്ടിഫിക്കറ്റ്/ ഡിപ്ലോമ കോഴ്സ് പാസായിരിക്കണം, മേൽപ്പറഞ്ഞ വിഷയത്തിൽ ആറുമാസത്തിൽ കുറയാതെയുള്ള പ്രവൃത്തിപരിചയം ഉണ്ടായിരിക്കണം, സിഡിറ്റിലെ മീഡിയ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയ യോഗ്യരായവർക്ക് മുൻഗണന നൽകും.

Adobe Photoshop, Adobe InDesin, Adobe Illutsrator, Corel Draw തുടങ്ങിയ ഡിസൈനിങ് സോഫ്റ്റ്വെയറുകളിൽ പ്രാവീണ്യം ഉണ്ടായിരിക്കണമെന്നതാണ് യോഗ്യതകൾ.തിരഞ്ഞെടുക്കപ്പെടുന്നവർ സിഡിറ്റുമായി ഒരു വർഷ കരാറിൽ ഏർപ്പെടണം. കാലാവധിക്ക് ശേഷം കരാർ പുതുക്കുന്നത് ആവശ്യമെങ്കിൽ പരിഗണിക്കും. വ്യവസ്ഥകൾ പ്രകാരം പ്രതിമാസം പൂർത്തീകരിച്ചു നൽകുന്ന വർക്കുകൾക്ക് അനുസൃതമായി പ്രതിഫലം നൽകും. താത്പര്യമുള്ളവർ സിഡിറ്റിന്റെ തിരുവല്ലം ഹെഡ് ഓഫീസിൽ ജൂലൈ 27 ന് രാവിലെ 9.30ന് ബയോഡാറ്റയും, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുമായി അഭിമുഖത്തിനും പ്രായോഗിക പരീക്ഷക്കുമായി ഹാജരാകണം.

# ഗൊയ്ഥെ സെൻട്രം ജർമൻ ചലച്ചിത്ര മേള 28 ന്

തിരുവനന്തപുരം: തിരുവനന്തപുരത്തെ ജർമൻ സാംസ്കാരിക കേന്ദ്രമായ ഗൊയ്ഥെ സെൻട്രം ബാനർ ഫിലിം സൊസൈറ്റിയുമായി ചേർന്ന് ജർമൻ ചലച്ചിത്ര മേള സംഘടിപ്പിക്കുന്നു. ഈ മാസം 28 ന് വഴുതക്കാട് ടാഗോർ തിയേറ്ററിന് സമീപമുള്ള ലെനിൻ ബാലവാടിയിലാണ് ഫെസ്റ്റിവെൽ. 2021 ൽ പുറത്തിറങ്ങിയ നാല് ജർമൻ ചിത്രങ്ങളാണ് മേളയിൽ പ്രദർശിപ്പിക്കുക.

ചലച്ചിത്ര മേളയുടെ ഉദ്ഘാടനം രാവിലെ 11 ന് സംസ്ഥാന ചലച്ചിത്ര അക്കാദമി വൈസ് ചെയർമാൻ പ്രേം കുമാർ നിർവ്വഹിക്കും. മുതിർന്ന ചലച്ചിത്ര നിരൂപകൻ എംഎഫ് തോമസ് അധ്യക്ഷത വഹിക്കും. ഗൊയ്ഥെ സെൻട്രം ഡയറക്ടർ ഡോ. സയിദ് ഇബ്രാഹിം മുഖ്യാതിഥിയായിരിക്കും. ബാനർ ഫിലിം സൊസൈറ്റി സെക്രട്ടറി ആർ. ബിജു, ജോയിൻറ് സെക്രട്ടറി സന്ദീപ് സുരേഷ് എന്നിവർ സംബന്ധിക്കും.

രാവിലെ 9.30 ന് ഫ്ളോറിയൻ ഡിട്രിച്ച് സംവിധാനം ചെയ്ത തൗബാബ്, 11.15 ന് സാറാ ബ്ലാസ്കിവിറ്റ്സിൻറെ പ്രഷ്യസ് ഐവി, ഉച്ചയ്ക്ക് 2.30 ന് ലിസ ബെയ്റിത്തിൻറെ പ്രിൻസ്, വൈകിട്ട് 4.30 ന് ഫ്രാൻസിസ്ക സ്റ്റൻകെലിൻറെ ദി ലാസ്റ്റ് എക്സിക്യൂഷൻ എന്നീ സിനിമകളാണ് പ്രദർശിപ്പിക്കുന്നത്. പ്രവേശനം സൗജന്യമാണ്.

ഇന്ത്യയിലാദ്യമായി 1957 ൽ കൊൽക്കത്തയിൽ തുടക്കമിട്ട ഗൊയ്ഥെ ഇൻസ്റ്റിറ്റ്യൂട്ടിന് തിരുവനന്തപുരവും കൊച്ചിയുമടക്കം രാജ്യത്ത് ആറ് ശാഖകളാണുള്ളത്. തിരുവനന്തപുരം കേന്ദ്രം 2008ലാണ് ആരംഭിച്ചത്.



# ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവത്തിന് വിപുലമായക്രമീകരണങ്ങൾ: മന്ത്രി

ശബരിമല ദർശനത്തിനെത്തുന്ന ഭക്ത ജനങ്ങൾക്ക് സുരക്ഷിതമായ ദർശനത്തിനാവശ്യമായ മുഴുവൻ ക്രമീകരണങ്ങളും എർപ്പെടുത്തുമെന്ന് ദേവസ്വം വകുപ്പ് മന്ത്രി വി എൻ വാസവൻ പറഞ്ഞു. മണ്ഡല മകരവിളക്ക് മഹോത്സവ ക്രമീകരണങ്ങൾക്കായുള്ള മുന്നൊരുക്കങ്ങൾ നടത്തുന്നതിന് വിവിധ വകുപ്പ് ഉദ്യോഗസ്ഥരും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രതിനിധികളുമായി നടത്തിയ യോഗത്തിന് ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു മന്ത്രി. 52 ലക്ഷം പേരാണ് കഴിഞ്ഞ വർഷം മണ്ഡല മകരവിളക്ക് കാലയളവിൽ സന്നിധാനത്ത് ദർശനത്തിനെത്തിയത്. ഇത് ഓരോ വർഷവും വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കർക്കിടക മാസം ഒന്നിന് പതിനായിരക്കണക്കിന് ഭക്ത ജനങ്ങളാണ് ശബരിമല ദർശനം നടത്തിയത്.

പശ്ചാത്തല സൗകര്യങ്ങളൊരുക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ നിർമാണത്തിനും അറ്റകുറ്റപ്പണികൾക്കുമാവശ്യമായ ടെൻഡർ നടപടികളടക്കം അതിവേഗം പൂർത്തീകരിക്കും. ബി എം ബി സി നിലവാരത്തിലുള്ള മികച്ച റോഡുകളാണെങ്കിലും ചാലക്കയം ഭാഗത്ത് ശ്രദ്ധയിൽപെട്ട പ്രശ്നങ്ങൾ പരിഹരിക്കും. നിലവിൽ നിലക്കലിൽ 8000 വാഹനങ്ങൾക്കുള്ള പാർക്കിങ്ങാണ് അനുവദിക്കുന്നത്. ഇവിടെ പതിനായിരത്തിനു മുകളിൽ വാഹനങ്ങളുടെ പാർക്കിങ്ങിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തും എരുമേലിയിൽ 1100 വാഹനങ്ങളുടെ പാർക്കിംഗ് എന്നുള്ളത് രണ്ടായിരമായി വർധിപ്പിക്കും. ആവശ്യമായ ആറേക്കർ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചു വരികയാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഏകോപനത്തിൽ മുഴുവൻ ഇടത്താവളങ്ങളും സമയബന്ധിതവായി ക്രമീകരിക്കും. ഭക്തരുടെ അടിയന്തിര ആരോഗ്യ പരിപാലനത്തിന് ആക്സിഡന്റ് ട്രോമാകെയർ സംവിധാനം ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ ഒരുക്കും. സന്നിധാനത്ത് ഇസിജി, എക്കോ, ടി എം ടി അടക്കമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻ ആരോഗ്യ വകുപ്പിനെ ചുമതലപ്പെടുത്തി. ക്യൂവിൽ നിൽക്കുന്ന ഭക്തരുടെ അടിയന്തിര ചികിത്സാർത്ഥം വോളണ്ടിയർമാർക്ക് സി പി ആർ പരിശീലനം നൽകും. ശബരിമല ദർശനവുമായി ബന്ധപ്പെട്ട് കോട്ടയം, കോന്നി തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ പ്രത്യേക സെൽ ആരംഭിക്കും. നിലവിൽ മൂന്ന് ആംബുലൻസ് എന്നുള്ളത് നാലായി ഉയർത്തുകയും നാലാമത്തെ ആംബുലൻസ് മരക്കൂട്ടം ഭാഗത്ത് സേവനം നൽകുകയും ചെയ്യും.

ഭക്തർക്ക് ശുദ്ധമായ ദാഹജലം നൽകുന്നതിനുള്ള 4000 ലിറ്റർ പ്ലാന്റിന്റെ ശേഷി പതിനായിരമാക്കി ഉയർത്തുമെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. കടകളിൽ വിൽക്കുന്ന കുടിവെള്ളത്തിലെ കോളിഫോം ബാക്ടീരിയ ഉൾപ്പെടെയുള്ളവയുടെ സാന്നിധ്യം മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിക്കും. മാലിന്യ നിർമാർജനം സമയബന്ധിതമായി നടത്തും. മാലിന്യം തരംതിരിച്ച് കൈമാറുന്നതിനാവശ്യമായ നടപടി ശുചിത്വമിഷൻ സ്വീകരിക്കും.

വന്യമൃഗ ശല്യമില്ലാതെ ദർശനം നടത്തുന്നതിന് ഭക്തരെ സഹായിക്കാൻ വനം വകുപ്പ് കൂടുതൽ ഉദ്യോഗസ്ഥരെ നിയോഗിക്കും. നിലവിൽ പ്രതിദിനം 80000 ഭക്തജനങ്ങളെയായിരിക്കും വിർചൽ ക്യൂവിലൂടെ ദർശനത്തിനനുവദിക്കുക.

സന്നിധാനത്തും പമ്പയിലും എത്തുന്ന ഭക്തർക്ക് വെയിലും മഴയും ഏൽക്കാതിരിക്കുന്നതിനാവശ്യമായ മേൽക്കൂരകളുടെ നിർമാണ പ്രവർത്തനം ദേവസ്വം ബോർഡ് ഉടൻ ആരംഭിക്കും. ശബരിമലയിലെ റോപ് വേ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കിയെന്നും മന്ത്രി പറഞ്ഞു.

സുരക്ഷിതവും സന്തോഷകരവുമായ മണ്ഡല മകരവിളക്ക് കാലത്തിന് എല്ലാവരുടെയും സഹായ സഹകരണമുണ്ടാകണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു.



കടൽ ചെമ്മീൻ കയറ്റുമതി വിഷയത്തിൽ ഫിഷറീസ് മന്ത്രി സജി ചെറിയാന്റെ അധ്യക്ഷതയിൽ നടന്ന യോഗം

# മാലിന്യമുക്ത നവകേരളത്തിനായി ശുചിത്വ മിഷനുമായി കൈകോർത്ത് സിഎസ്ഐആർനിസ്റ്റ്

മാലിന്യസംസ്കരണ രംഗത്തെ അക്കാദമിക, ഗവേഷണ, സാങ്കേതിക മേഖലകളിൽ ഒരുമിച്ച് പ്രവർത്തിക്കാൻ സംസ്ഥാന ശുചിത്വ മിഷനുമായി ധാരണയിലേർപ്പെട്ട് കേന്ദ്രസർക്കാർ ഗവേഷണ സ്ഥാപനമായ കൗൺസിൽ ഓഫ് സയന്റിഫിക് & ഇൻഡസ്ട്രിയൽ റിസർച്ച്നാഷണൽ ഇൻസ്ററിറ്റൂട്ട് ഫോർ ഇൻറർ ഡിസിപ്ളിനറി സയൻസ് അൻഡ് ടെക്നോളജി (CSIR-NIIST).

ദേശീയഅന്തർദേശീയതലത്തിൽ എൻവയോൺമെന്റ് എൻജിനീയറിംഗ്, കാർഷിക മാലിന്യസംസ്കരണവും പുനരുപയോഗവും, ജൈവഇന്ധന നിർമ്മാണം, ജല ശുചിത്വം തുടങ്ങി ക്യാൻസർ ഗവേഷണം വരെയുള്ള വിഷയങ്ങളിൽ പ്രാഗൽഭ്യമുള്ള നിസ്റ്റ്, ശുചിത്വ മിഷനിലൂടെ വ്യവസായങ്ങൾക്കും സ്ഥാപനങ്ങൾക്കും ഉൾപ്പെടെ മാലിന്യസംസ്കരണത്തിൽ ഗവേഷണ സഹായങ്ങൾ, പദ്ധതി ആവിഷ്ക്കരണം, പരിശീലനം മുതലായവയിൽ സഹായം നൽകും. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ശുചിത്വമിഷൻ 133 ഓളം ഏജൻസികളെ എംപാനൽ ചെയ്യുകയും ഈ ഏജൻസികളെ ഉപയോഗിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ വേസ്റ്റ് മാനേജ്മെന്റ് ഫലപ്രദമായി കൈകാര്യം ചെയ്യുകയും ചെയ്യും.

തിരുവനന്തപുരത്ത് ശുചിത്വ മിഷൻ സംഘടിപ്പിച്ച സാനിട്ടേഷൻ കോൺക്ലേവ് 2024ൽ വച്ച് ഇരു സ്ഥാപനങ്ങളും ഒരുമിച്ച് പ്രവർത്തിക്കുന്നതിനുള്ള ധാരണാപത്രത്തിൽ ഒപ്പ് വെച്ചു.

ശുചിത്വ മിഷൻ ഡയറക്ടർ യു.വി. ജോസ്, കെ എസ് ഡബ്ല്യു എം പി പ്രോജക്ട് ഡയറക്ടർ ഡോ.ദിവ്യ എസ്. അയ്യർ, സിഎസ്ഐആർനിസ്റ്റ് ഡയറക്ടർ ഡോ.സി അനന്തരാമകൃഷ്ണൻ, സിഎസ്ഐആർനിസ്റ്റ് സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. കൃഷ്ണ കുമാർ.ബി, സിഎസ്ഐആർനിസ്റ്റ് ചീഫ് സയന്റിസ്റ്റ് ഡോ. സി. കേശവചന്ദ്രൻ എന്നിവർ സംബന്ധിച്ചു.

# നീതി ആയോഗിന്റെ യോഗം ബഹിഷ്കരിക്കുമെന്ന് നാല് സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ

ന്യൂഡൽഹി: ബജറ്റ് വിവേചനപരമാണെന്നാരോപിച്ച് നീതി ആയോഗിന്റെ യോഗം ബഹിഷ്കരിക്കാനൊരുങ്ങി നാല് സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ. മൂന്ന് കോൺഗ്രസ് മുഖ്യമന്ത്രിമാരും തമിഴ്നാട് മുഖ്യമന്ത്രി എം.കെ സ്റ്റാലിനുമാണ് യോഗം ബഹിഷ്കരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളത്.

ജൂലൈ 27നാണ് നീതി ആയോഗിന്റെ യോഗം. തെലുങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി, കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ, ഹിമാചൽ പ്രദേശ് മുഖ്യമന്ത്രി സുഖ്വിന്ദർ സിംഗ് സുഖു എന്നിവരാണ് യോഗത്തിൽ പങ്കെടുക്കില്ലെന്ന് അറിയിച്ച മുഖ്യമന്ത്രിമാർ.

ജുഡീഷ്യൽ കസ്റ്റഡിയിലുള്ള ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജരിവാളും യോഗത്തിൽ പങ്കെടുക്കില്ല, പഞ്ചാബ് മുഖ്യമന്ത്രി ഭഗവന്ത് മാൻ, കേരള മുഖ്യമന്ത്രി പിണറായി വിജയൻ, ജാർഖണ്ഡ് മുഖ്യമന്ത്രി ഹേമന്ത് സോറൻ എന്നിവരും യോഗത്തിൽ നിന്ന് വിട്ടുനിൽക്കാൻ സാധ്യതയുണ്ടെന്ന് വൃത്തങ്ങൾ അറിയിച്ചു.

ബജറ്റ് വിവേചനപരമായതിനാൽ കോൺഗ്രസ് മുഖ്യമന്ത്രിമാർ നീതി ആയോഗിന്റെ യോഗം ബഹിഷ്കരിക്കുമെന്ന് എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ വ്യക്തമാക്കിയിരുന്നു.

# ബജറ്റിൽ വിവേചനം; പാർലമെൻറിൽ പ്രതിപക്ഷ പ്രതിഷേധം

ന്യൂഡൽഹി: മൂന്നാം നരേന്ദ്ര മോദി സർക്കാരിന്റെ ആദ്യ ബജറ്റിനെതിരെ പ്രതിഷേധം ശക്തമാക്കി പ്രതിപക്ഷം. പാർലമെൻറിന്റെ ഇരുസഭകളിലും ബജറ്റിൽ വിവേചനമുണ്ടെന്ന് ആരോപിച്ച് പ്രതിപക്ഷം പ്രതിഷേധിച്ചു.ബിഹാറിനും ആന്ധ്രാപ്രദേശിനും വാരിക്കോരി കൊടുത്ത ബജറ്റിൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കേരളമടക്കമുള്ള സംസ്ഥാനങ്ങൾക്ക് യാതൊന്നും നൽകിയില്ലെന്നാണ് വിമ!ർശനം ഉന്നയിക്കുന്നത്.

ബജറ്റിനെതിരെ പ്രതിപക്ഷ എംപിമാരുടെ പ്രതിഷേധത്തെ തുടർന്ന് രാജ്യസഭയും ലോക്സഭയും ബഹളത്തോടെയാണ് തുടങ്ങിയത്. ബജറ്റിൽ എല്ലാ സംസ്ഥാനങ്ങളുടെയും പേര് പറയാനാകില്ലെന്ന് ധനമന്ത്രി നിർമല സീതാരാമൻ രാജ്യസഭയിൽ പറഞ്ഞു.

സീതാരാമൻ സംസാരിക്കുന്നതിനിടെ നിരവധി പ്രതിപക്ഷ അംഗങ്ങൾ രാജ്യസഭയിൽ നിന്ന് ഇറങ്ങിപ്പോയി.ഇന്ന് സഭയ്ക്ക് പുറത്ത് പ്രതിപക്ഷ കക്ഷികൾ സോണിയ ഗാന്ധിയുടെയും രാഹുൽ ഗാന്ധിയുടെയും അടക്കം സാന്നിധ്യത്തിൽ പ്രതിഷേധിച്ചിരുന്നു.

# കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് 60 ശതമാനം വരെ കുറക്കും: മന്ത്രി എം ബി രാജേഷ്

## * പുതിയ നിരക്കുകൾ ആഗസ്റ്റ് 1 മുതൽ നിലവിൽ വരും
## * വസ്തുനികുതി ഏപ്രിൽ 30നകം ഒടുക്കിയാൽ അഞ്ച് ശതമാനം റിബേറ്റ്

കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് നിരക്കിൽ 60 ശതമാനം വരെ കുറവ് വരുത്താൻ സർക്കാർ തീരുമാനിച്ചതായി തദ്ദേശ സ്വയംഭരണ, എക്സൈസ് പാർലമെന്ററികാര്യ വകുപ്പ് മന്ത്രി എം ബി രാജേഷ് പറഞ്ഞു. 80 ചതുരശ്ര മീറ്റർ വരെയുള്ള കെട്ടിടങ്ങളെ പെർമിറ്റ് ഫീസ് വർദ്ധനവിൽ നിന്ന് കഴിഞ്ഞവർഷം സർക്കാർ ഒഴിവാക്കിയിരുന്നു. 81 സ്ക്വയർ മീറ്റർ മുതൽ 300 സ്ക്വയർ മീറ്റർ വരെ വിസ്തീർണമുള്ള വീടുകൾക്ക് ചുരുങ്ങിയത് 50 ശതമാനമെങ്കിലും പെർമിറ്റ് ഫീസ് കുറയ്ക്കുന്ന രീതിയിലാണ് പുതിയ നിരക്ക്. കോർപറേഷനിൽ 81 മുതൽ 150 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള വീടുകളുടെ പെർമിറ്റ് ഫീസ് 60 ശതമാനം കുറയ്ക്കും. പുതിയ നിരക്കുകൾ ആഗസ്റ്റ് 1 മുതൽ നിലവിൽ വരും.

ഗ്രാമപഞ്ചായത്തുകളിൽ 81 മുതൽ 150 സ്ക്വയർ മീറ്റർ വരെയുള്ള വീടുകളുടെ പെർമിറ്റ് ഫീസ് ചതുരശ്ര മീറ്ററിന് 50 രൂപയിൽ നിന്ന് 25 രൂപയായി കുറയ്ക്കും. മുൻസിപ്പാലിറ്റികളിലെ നിരക്ക് 70ൽ നിന്ന് 35 ആയും കോർപറേഷനിൽ 100ൽ നിന്ന് 40 രൂപയായുമാണ് കുറയ്ക്കുന്നത്. 151 മുതൽ 300 ചതുരശ്ര മീറ്റർ വരെയുള്ള വീടുകളുടെ ഫീസ് പഞ്ചായത്തുകളിൽ ചതുരശ്ര മീറ്ററിന് 100 രൂപ എന്നതിൽ നിന്ന് 50 ആയും, മുൻസിപ്പാലിറ്റികളിൽ 120ൽ നിന്ന് 60 രൂപയായും, കോർപറേഷനിൽ 150ൽ നിന്ന് 70 രൂപയായുമാണ് കുറയ്ക്കുന്നത്.

300 ചതുരശ്ര മീറ്ററിന് മുകളിലുള്ള വീടുകളുടെ നിരക്ക് പഞ്ചായത്തുകളിൽ 150ൽ നിന്ന് 100 രൂപയായി കുറയ്ക്കും. മുൻസിപ്പാലിറ്റികളിലും കോർപറേഷനുകളിലും 200ൽ നിന്ന് 150 ആകും. വ്യവസായ, വാണിജ്യ കെട്ടിടങ്ങളുടെ നിരക്കിലും 58 ശതമാനം വരെ കുറവ് വരുത്തിയിട്ടുണ്ട്.

2023 ഏപ്രിൽ 1 ന് മുൻപ് താമസം, മറ്റുള്ളവ എന്നീ രണ്ട് വിഭാഗങ്ങളായിരുന്നു നിലവിലുണ്ടായിരുന്നത്. എല്ലാ വിസ്തീർണത്തിനും ഒരേ നിരക്കായിരുന്നു ബാധകമായിരുന്നത്. എന്നാൽ 2023 ഏപ്രിൽ 1ന് കെട്ടിടങ്ങളെ വിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ മൂന്ന് സ്ലാബുകളാക്കി തിരിച്ച് വ്യത്യസ്ത നിരക്ക് ഏർപ്പെടുത്തി. താമസം, വ്യവസായം, വാണിജ്യം, മറ്റുള്ളവ എന്നീ നാല് വിഭാഗങ്ങളായും കെട്ടിടങ്ങളെ തരംതിരിച്ച് പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപറേഷൻ എന്നിവിടങ്ങളിൽ വ്യത്യസ്തമായ നിരക്കാണ് ഏർപ്പെടുത്തിയത്. ഈ ക്രമീകരണം തുടരും.

കേരളത്തിൽ നിലവിലുള്ള പെർമിറ്റ് ഫീസ് രാജ്യത്തെ ഏറ്റവും കുറഞ്ഞ പെർമിറ്റ് ഫീസാണ് എന്ന വസ്തുത നിലനിൽക്കെ തന്നെയാണ് സർക്കാർ ജനങ്ങളുടെ ആവശ്യം മുൻനിർത്തി ഫീസ് പകുതിയിലേറെ കുറയ്ക്കാൻ തീരുമാനിച്ചതെന്ന് മന്ത്രി പറഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒടുക്കേണ്ട ഒരു വർഷത്തെ വസ്തുനികുതി സാമ്പത്തിക വർഷത്തിന്റെ ആദ്യമാസം ഏപ്രിൽ 30നകം ഒടുക്കുകയാണെങ്കിൽ അഞ്ച് ശതമാനം റിബേറ്റ് അനുവദിക്കാനും സർക്കാർ തീരുമാനിച്ചതായി മന്ത്രി പറഞ്ഞു. കേരള ചരിത്രത്തിൽ ആദ്യമായാണ് ഇത്തരത്തിലൊരു ഇളവ് നികുതിദായകർക്ക് നൽകുന്നത്.

നാമമാത്രമായ പെർമിറ്റ് ഫീസായിരുന്നു മുൻപുണ്ടായിരുന്നത്. കാലാനുസൃതമായി പെർമിറ്റ് ഫീസ് വർധിപ്പിക്കാത്തത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളെയും വരുമാനത്തെയും ബാധിച്ചപ്പോഴാണ് സർക്കാർ പെർമിറ്റ് ഫീസ് വർധിപ്പിക്കാൻ അന്ന് തീരുമാനമെടുത്തതെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. കേരളത്തിലെ നഗരസഭകളുടെ വരുമാനം സംസ്ഥാന ജിഡിപിയുടെ അനുപാതത്തിൽ വർധിക്കണമെന്നത് കേന്ദ്ര ധനകാര്യ കമ്മീഷന്റെ നിബന്ധനയാണ്. ഈ വരുമാനത്തിന്റെ തോത് കൈവരിച്ചില്ല എന്ന കാരണം ചൂണ്ടിക്കാട്ടി 24 നഗരസഭകളുടെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് നഷ്ടപ്പെടുന്ന അവസ്ഥയുണ്ടായി. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനതുവരുമാനം വർധിപ്പിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സിഎജിയും സംസ്ഥാന ധനകാര്യ കമ്മീഷനും നിരന്തരം ആവശ്യപ്പെട്ടിരുന്നു. പ്രളയം പോലെയുള്ള പ്രകൃതി ദുരന്തങ്ങൾ, കോവിഡ് പോലുള്ള മഹാമാരികൾ തുടങ്ങിയവ മൂലമുള്ള അധികച്ചെലവും വരുമാന ശോഷണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളെ കാര്യമായി ബാധിക്കുന്നുണ്ട്. കാലാനുസൃതവും നവീനവുമായ വികസന ആവശ്യങ്ങൾ നിറവേറ്റാൻ സാമ്പത്തികമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുക അനിവാര്യമാണ്. ഈ വസ്തുതകളുടെയും നിർദേശങ്ങളുടെയും നഗരസഭകളുടെ ആവശ്യത്തിന്റെയും ഭാഗമായാണ് സർക്കാർ തനതുവരുമാനം വർധിപ്പിക്കാനുള്ള നടപടികളിലേക്ക് അന്ന് കടന്നതെന്ന് മന്ത്രി പറഞ്ഞു. 5 വർഷം കൂടുമ്പോൾ 25 ശതമാനം വസ്തുനികുതി വർധിപ്പിക്കണമെന്നത് ധനകാര്യ കമ്മീഷന്റെ ശുപാർശയും നേരത്തെ ആക്ടിലുണ്ടായിരുന്ന വ്യവസ്ഥയുമാണ്. 2018 ഏപ്രിലിൽ നടപ്പാക്കേണ്ടിയിരുന്ന നികുതി പരിഷ്കരണം കോവിഡും രണ്ട് പ്രളയങ്ങളും മൂലം മാറ്റിവെച്ച് 2023 ലാണ് സർക്കാർ നടപ്പിലാക്കിയത്. 25 ശതമാനം ഒറ്റയടിക്ക് വർധന എന്നത്, ആക്ടിൽ ഭേദഗതി വരുത്തി ഓരോ വർഷവും 5 ശതമാനം വീതമാക്കി സർക്കാർ ലഘൂകരിക്കുകയായിരുന്നു. ഒറ്റയടിക്ക് 25 ശതമാനം വർധിപ്പിക്കുന്നതിന് പകരം ഇങ്ങനെ ചെയ്യുമ്പോൾ, ആദ്യ വർഷം 20 ശതമാനവും തുടർന്നുള്ള വർഷങ്ങളിൽ 15,10,5 ശതമാനം നികുതിദായകന് കുറവ് ലഭിക്കുന്നുണ്ട്.പെർമിറ്റ് ഫീസായി ലഭിക്കുന്ന പണത്തിൽ നിന്ന് ഒരു രൂപ പോലും സർക്കാരിന് ലഭിക്കുന്നില്ല. ഇത് പൂർണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് ലഭിക്കുന്നത്. പ്രാദേശികമായ വികസന പ്രവർത്തനങ്ങൾക്കാണ് ഇത് ചെലവഴിക്കുന്നത്.

പുതുക്കിയ പെർമിറ്റ് ഫീസ് വഴിയുള്ള തനതുവരുമാനവർധനവിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 177.9 കോടിയുടെ അധികവരുമാനമാണ് ലഭിച്ചത്. ഇത് പ്രാദേശികമായ വികസന പ്രവർത്തനങ്ങൾക്കാണ് പൂർണമായും വിനിയോഗിച്ചത്.

കാലോചിതമായി പെർമിറ്റ് ഫീസ് വർധിപ്പിക്കണമെന്നത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആവശ്യമായിരുന്നു. കാരണം പല സ്ഥാപനങ്ങൾക്കും ദൈനംദിന കാര്യങ്ങൾ പോലും ചെയ്യാൻ കഴിയാത്ത സ്ഥിതിയിലായിരുന്നു. ഈ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കാര്യങ്ങൾ നിർവഹിക്കാൻ സർക്കാർ ഗ്യാപ് ഫണ്ട് നൽകേണ്ടിവന്നിരുന്നു. വിവിധ നടപടികളിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ശാക്തീകരിച്ചതിലൂടെ ഗ്യാപ് ഫണ്ട് ആവശ്യമായി വന്നിരുന്ന പഞ്ചായത്തുകളുടെ എണ്ണം 2022 23 ലെ 68ൽ നിന്ന് 202324ൽ 45 ആയി കുറഞ്ഞു. മുൻസിപ്പാലിറ്റികളുടെ എണ്ണം 10 ൽ നിന്ന് 6 ആയിട്ട് കുറഞ്ഞതായും മന്ത്രി ചൂണ്ടിക്കാട്ടി.

പെർമിറ്റുകൾ വേഗത്തിൽ ലഭിക്കുന്നില്ല എന്ന പരാതി മുമ്പ് വ്യാപകമായിരുന്നു. നഗരങ്ങളിൽ 300 ചതുരശ്ര മീറ്റർ വരെയുള്ള ലോ റിസ്ക് കെട്ടിടങ്ങൾക്ക് സെൽഫ് സർട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ തത്സമയം പെർമിറ്റ് നൽകാൻ കഴിഞ്ഞ ഏപ്രിൽ 1 മുതൽ സംവിധാനമൊരുക്കി. ജനുവരി ഒന്നു മുതൽ കെ സ്മാർട്ടിൽ ഈ സൗകര്യം ലഭ്യമാക്കി. കെ സ്മാർട്ടിലൂടെ കഴിഞ്ഞ ആറ് മാസം കൊണ്ടുമാത്രം 8807 പെർമിറ്റുകളാണ് മിനുട്ടുകൾക്കകം ഇങ്ങനെ സെൽഫ് സർട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ നൽകിയതെന്ന് മന്ത്രി വ്യക്തമാക്കി.പെർമിറ്റ് ഫീസ് പരിഷ്കരിച്ചത് നിർമ്മാണ മേഖലയെ ഒരു തരത്തിലും ദോഷകരമായി ബാധിച്ചിട്ടില്ലെന്നും കണക്കുകളിൽ നിന്ന് ഇത് വ്യക്തമാണെന്നും മന്ത്രി ചൂണ്ടിക്കാട്ടി. 2022 23ൽ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് അനുവദിച്ച പെർമിറ്റുകൾ 328518 ആയിരുന്നെങ്കിൽ 202324ൽ ഇത് 359331 ആയി വർധിച്ചു. 30813 പെർമിറ്റുകൾ അഥവാ 9.37 ശതമാനം വർധനവാണ് എണ്ണത്തിലുണ്ടായത്. നഗരങ്ങളിലെ പെർമിറ്റുകൾ ഒരു സാമ്പത്തിക വർഷം കൊണ്ട് 20311 ൽ നിന്ന് 40401 ആയി വർധിച്ചു. ഇരട്ടിയോളമാണ് വർധന.

വൻകിട കെട്ടിടങ്ങളുടെ എണ്ണത്തിലും വൻവർധനയാണെന്ന് കെ റെറയുടെ കണക്കുകൾ വ്യക്തമാക്കുന്നു. 2022ൽ 159 പ്രൊജക്ടുകൾ മാത്രം രജിസ്റ്റർ ചെയ്തപ്പോൾ 2023ൽ ഇത് 211 ആയി വർധിച്ചു, 32.7ശതമാനം വർധന. 2023ൽ മാത്രം രജിസ്റ്റർ ചെയ്തത് 6800 കോടിയുടെ വൻ ഭവനസമുച്ചയങ്ങളാണെന്നും കണക്കുകൾ വ്യക്തമാക്കുന്നതായി മന്ത്രി പറഞ്ഞു.

# കെൽട്രോണിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ

കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിൽ തൊഴിലധിഷ്ഠിത കോഴ്സുകളായ ലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, ഡക / ഡത ഡിസൈനർ ആന്റ് ഡെവലപ്പർ, വെബ് ഡിസൈൻ ആന്റ് ഫുൾസ്റ്റാക്ക് ഡെവലപ്മെന്റ്, ഡിപ്ലോമ ഇൻ മോണ്ടിസോറി ടീച്ചർ ട്രെയിനിംഗ്, സൈബർ സെക്യൂരിറ്റി ആന്റ് എത്തിക്കൽ ഹാക്കിംഗ്, ഇന്ത്യൻ ആന്റ് ഫോറിൻ അക്കൗണ്ടിംഗ്, പൈതൺ ആന്റ് മെഷീൻ ലേണിംഗ്, കമ്പ്യൂട്ടർ ഹാർഡ്വെയർ ആന്റ് നെറ്റ്വർക്ക് മെയിന്റനൻസ് എന്നീ കോഴ്സുകളിലേക്കുള്ള പ്രവേശനം ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരത്തുള്ള സ്പെൻസർ ജംഗ്ഷനിലെ കെൽട്രോൺ നോളജ് സെന്ററിൽ നേരിട്ടോ, 0471 2337450, 0471 2320332 എന്നീ നമ്പറുകളിലോ ബന്ധപ്പെടുക.



തൂങ്ങാംപാറ ഇക്കോ ടൂറിസം പദ്ധതി ഉദ്ഘാടനം

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കേരളത്തിൽ ഈ സാമ്പത്തിക വർഷം 25 കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ തുടങ്ങും: മന്ത്രി പി രാജീവ്

## പദ്ധതിയ്ക്ക് തുടക്കമായി; വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: സംസ്ഥാനത്തുടനീളമുള്ള 25 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഈ സാമ്പത്തിക വർഷം ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങാനുള്ള അനുമതി നല്കുമെന്ന് നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി പി.രാജീവ് പറഞ്ഞു. കേരളത്തിലെ 80 ഓളം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമാകാൻ സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

വ്യവസായ ആവശ്യത്തിനുള്ള ഭൂമി ലഭ്യതയുടെ കുറവ് മറികടക്കുന്നതിനും വിദ്യാർത്ഥികളിൽ സംരഭകത്വ താൽപ്പര്യം വളർത്തുന്നതിനുമായി സംസ്ഥാന സർക്കാർ രൂപം നൽകിയ നൂതന ആശയമായ കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ഭൂമി ഉപയോഗപ്പെടുത്തി കാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുക എന്നതാണ് പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. പദ്ധതിക്ക് വേണ്ടി തയ്യാറാക്കിയ ഓൺലൈൻ പോർട്ടലിൻറെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളിൽ സംരംഭകത്വ താല്പര്യം വളർത്തുന്നതിനുള്ള ഈ പദ്ധതിയുടെ പിറവിയോടെ ചരിത്രപരമായ മാറ്റത്തിന് തുടക്കം കുറിക്കുകയാണെന്നും മന്ത്രി പറഞ്ഞു.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന വിദ്യാർത്ഥികളുടെ ഗവേഷണ ഫലങ്ങളുടെ വ്യാവസായിക ഉത്പാദനത്തിന് ആദ്യ പരിഗണന നല്കണം. അധ്യാപകരുടെ കണ്ടെത്തലുകൾ രണ്ടാമത് പരിഗണിക്കണം. പൂർവ്വ വിദ്യാർത്ഥികൾക്കും പദ്ധതിയുടെ ഭാഗമാകാനാകും. വ്യവസായ നയം2023 ൻറെ ഭാഗമായ 22 മുൻഗണനാ മേഖലകളെ അടിസ്ഥാനമാക്കിയാണ് പദ്ധതി നടപ്പിലാക്കുക.

കാമ്പസുകളിലെ ലാബുകളിൽ ഗവേഷണ പ്രവർത്തനങ്ങൾക്ക് വിദ്യാർത്ഥികൾ എത്ര മണിക്കൂർ ചെലവഴിച്ചു എന്നത് പരിശോധിച്ച് ഗ്രേസ് മാർക്ക് നല്കണം. ഇത്തരം നടപടികളിലൂടെ സംസ്ഥാനത്തെ മിടുക്കരായ വിദ്യാർത്ഥികളുടെ പുറംനാട്ടിലേക്കുള്ള ഒഴുക്ക് തടയാനാകുമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

ഐടി അധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമെ ആർട്സ് ആൻറ് സയൻസ് കോളേജുകൾക്കും കാമ്പസ് ഇൻഡസ്ട്രീസ് പാർക്കുകളുടെ ഭാഗമാകാം. ഇത്തരം സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നിരവധി സ്റ്റാർട്ടപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ഫിൻടെക്, എഡ്യുടെക്, സൈക്കോളജി അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്ക് വലിയ സാധ്യതയുണ്ടെന്നും മന്ത്രി പറഞ്ഞു. വിദ്യാർത്ഥികളിൽ നിന്നുള്ള സ്റ്റാർട്ടപ്പ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനാണ് ഇൻഡസ്ട്രിയൽ കാമ്പസ് പാർക്ക് പദ്ധതി ലക്ഷ്യമിടുന്നതെന്ന് വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് സ്വാഗത പ്രസംഗത്തിൽ പറഞ്ഞു. ഇത്തരം സംരംഭങ്ങൾക്ക് ആവശ്യമായ കൈത്താങ്ങ് വ്യവസായ വാണിജ്യ വകുപ്പ് നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറും കെഎസ്ഐഡിസി എംഡിയുമായ എസ്. ഹരികിഷോർ, കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ കെ. സുധീർ, കിൻഫ്ര മാനേജിംഗ് ഡയറക്ടർ സന്തോഷ് കോശി തോമസ് എന്നിവരും സംസാരിച്ചു.

കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി മാർഗ്ഗരേഖ ഫെബ്രുവരിയിൽ സർക്കാർ പുറത്തിറക്കിയിരുന്നു. കുറഞ്ഞത് അഞ്ച് ഏക്കർ ഭൂമിയുള്ള സർക്കാർ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കാമ്പസ് വ്യവസായ പാർക്കിനായി അപേക്ഷിക്കാം. ആർട്സ് ആൻഡ് സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ ഐടിഐകൾ തുടങ്ങിയ സ്ഥാപനങ്ങളെല്ലാം പദ്ധതിയുടെ കീഴിൽ വരും.

കാമ്പസുകളിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിന് കുറഞ്ഞത് രണ്ട് ഏക്കർ ഭൂമിയാണ് വേണ്ടത്. 30 വർഷത്തേക്കാണ് ഡവലപ്പർ പെർമിറ്റ് അനുവദിക്കുക. കാമ്പസ് ഇൻഡസ്ട്രിയിൽ എസ്റ്റേറ്റ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി പരിസ്ഥിതി ലോല പ്രദേശം, തീരദേശ നിയന്ത്രണ മേഖല, തോട്ടം, തണ്ണീർത്തട സംരക്ഷണ നിയമം എന്നിവയിൽ ഉൾപ്പെടരുത്. ഈ എസ്റ്റേറ്റുകളിൽ റെഡ് കാറ്റഗറി ഒഴികെയുള്ള വ്യവസായങ്ങൾക്ക് സ്ഥലം അനുവദിക്കും.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വെബ് പോർട്ടൽ മുഖേന ഉന്നത വിദ്യാഭ്യാസ വകുപ്പിൻറെ നിരാക്ഷേപ സാക്ഷ്യപത്രം സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മറ്റി ശുപാർശ ചെയ്യുന്ന അപേക്ഷകൾ സർക്കാർ തലത്തിൽ വകുപ്പുതല സെക്രട്ടിമാർ അടങ്ങുന്ന ഉന്നത സമിതി പരിശോധിച്ച് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡവലപ്പർ പെർമിറ്റ് നൽകും.

കാമ്പസ് വ്യവസായ പാർക്കിലെ പൊതു സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ഡ്രെയിനേജ്, മാലിന്യ നിർമ്മാർജന പ്ലാൻറ്, ലാബ്, ടെസ്റ്റിങ്ങ് ആൻഡ് സർട്ടിഫിക്കേഷൻ സംവിധാനങ്ങൾ എന്നിവ ഒരുക്കുന്നതിന് ഡെവലപ്പർ വിദ്യാഭ്യാസ സ്ഥാപനത്തിന് ഏക്കറിന് 20 ലക്ഷം രൂപ നിരക്കിൽ പരമാവധി 1.5 കോടി രൂപവരെ ഒരു എസ്റ്റേറ്റിന് നൽകും. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിന് കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് 1.5 കോടി രൂപയും സർക്കാർ ധനസഹായം നൽകും.



*വ്യവസായവാണിജ്യ വകുപ്പിൻറെ കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിയുടെ വെബ്സൈറ്റ് ഉദ്ഘാടനം നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി പി.രാജീവ് നിർവഹിക്കുന്നു. വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് ,വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറും കെഎസ്ഐഡിസി എംഡിയുമായ എസ്. ഹരികിഷോർ, കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ കെ. സുധീർ, കിൻഫ്ര മാനേജിംഗ് ഡയറക്ടർ സന്തോഷ് കോശി തോമസ് എന്നിവർ സമീപം.*

## അധ്യാപക ഒഴിവിലേക്ക് അഭിമുഖം

വട്ടിയൂർക്കാവ്, സെൻട്രൽ പോളിടെക്നിക് കോളേജിൽ അസിസ്റ്റന്റ് പ്രൊഫസർ കെമിസ്ട്രി (ഒഴിവ് 01), മാത്തമാറ്റിക്സ് (ഒഴിവ് 02) തസ്തികകളിൽ താത്കാലിക ഒഴിവിലേക്ക് അഭിമുഖം നടത്തുന്നു. അൻപത് ശതമാനം മാർക്കിൽ കുറയാത്ത കെമിസ്ട്രി, മാത്തമാറ്റിക്സ് ബിരുദാനന്തര ബിരുദമാണ് യോഗ്യത. നെറ്റ് അല്ലെങ്കിൽ പി.എച്ച്.ഡി ഉള്ളവർക്ക് മുൻഗണനയുണ്ടായിരിക്കും. അഭിമുഖം യഥാക്രമം ജൂലൈ 29, 30 തീയതികളിൽ രാവിലെ 10ന് കോളേജിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് 0471 2360391

## കാവുകളുടെ സംരക്ഷണത്തിന് ധനസഹായം

കാവുകളുടെ സംരക്ഷണ പരിപാലന പ്രവർത്തനങ്ങൾക്ക് 202425 വർഷത്തിൽ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് കേരള വനം വന്യജീവി വകുപ്പ് കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ അപേക്ഷ ക്ഷണിച്ചു. വ്യക്തികൾ, ദേവസ്വം, ട്രസ്റ്റുകൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള കാവുകൾക്ക് ആനുകൂല്യം ലഭിക്കും. ഇത് സംബന്ധിച്ച അപേക്ഷാ ഫോം വനം വകുപ്പിന്റെ ००० .ളീൃലെേ.ഴീ.ശി ൽ നിന്നും, തൃശൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ ഓഫീസിൽ നിന്നും ലഭ്യമാണ്. താത്പര്യമുള്ള കാവ് ഉടമസ്ഥർ കാവിന്റെ വിസ്തൃതി, ഉടമസ്ഥത സംബന്ധിക്കുന്ന രേഖകൾ എന്നിവ സഹിതം പൂരിപ്പിച്ച അപേക്ഷ ആഗസ്റ്റ് 31ന് മുമ്പായി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, തൃശ്ശൂർ 20 എന്ന വിലാസത്തിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് : 04872320609, 8547603777, 8547603775.

## പ്രത്യാശ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു

സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പുനരധിവാസ സ്ഥാപനങ്ങളിലെയും മറ്റു സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകളിലേയും അന്യസംസ്ഥാനക്കാരായ താമസക്കാരെയും തെരുവിൽ അലഞ്ഞു നടക്കുന്നവരായ അന്യസംസ്ഥാനക്കാരെയും സ്വദേശത്ത് പുനരധിവസിപ്പിക്കുന്നതിനുള്ള പ്രത്യാശ പദ്ധതി 202425 സാമ്പത്തിക വർഷവും നടപ്പിലാക്കുന്നതിന് സന്നദ്ധ സംഘടനകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. തിരുവനന്തപുരം മേഖലയിൽ പദ്ധതി നടത്തുന്നതിനാണ് അനുയോജ്യ സന്നദ്ധസംഘടനകളിൽ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ) നിന്നും അപേക്ഷ ക്ഷണിച്ചത്. അപേക്ഷകൾ സാമൂഹ്യനീതി ഡയറക്ടർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, അഞ്ചാം നില, വികാസ് ഭവൻ, തിരുവനന്തപുരം 695 033 എന്ന വിലാസത്തിൽ ആഗസ്റ്റ് 16നകം ലഭ്യമാക്കണം. പ്രോജക്ടിന്റെ വിശദാംശങ്ങൾ ०००.ൈറ.സല്യമഹമ.ഴീ.ശി എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ഉൾപ്പെടുത്തേണ്ടതും അപേക്ഷയുടെ രണ്ട് പകർപ്പുകളിൽ ഒരു പകർപ്പ് ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കേണ്ടതും അപേക്ഷയുടെ പുറം കവറിൽ 'ആപ്ലിക്കേഷൻ ഫോർ പ്രത്യാശ പ്രോജക്ട്' എന്നു രേഖപ്പെടുത്തേണ്ടതാണ്. അവസാന തീയതിയ്ക്കു ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

## എല്ലാ സംസ്ഥാനങ്ങളുടേയും പേരുപറയാൻ സാധിക്കുമോയെന്ന് ധനമന്ത്രി; ഇരുസഭകളിലും പ്രതിഷേധം, ഇറങ്ങിപ്പോക്ക്

ന്യൂഡൽഹി: കേന്ദ്രബജറ്റിൽ ആന്ധ്രയ്ക്കും ബിഹാറിനും വാരിക്കോരി നല്കിയെന്ന വിമർശനങ്ങൾക്കിടെ വിഷയത്തിൽ പാർലമെൻറിന്റെ ഇരുസഭകളിലും ബഹളം. കേന്ദ്ര ബജറ്റ് വിവേചനപരമാണെന്ന് ചൂണ്ടിക്കാട്ടി പ്രതിപക്ഷം പ്രതിഷേധിച്ചു. ലോക്സഭയുടെ ചോദ്യോത്തരവേളയിൽ പ്രതിപക്ഷ അംഗങ്ങൾ മുദ്രാവാക്യം മുഴക്കി.

കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ രാജ്യസഭയിൽ സംസാരിക്കാൻ ആരംഭിച്ചതോടെ പ്രതിപക്ഷ അംഗങ്ങൾ മുദ്രാവാക്യം മുഴക്കി സഭയിൽ നിന്ന് ഇറങ്ങിപ്പോയി. തുടർന്ന് പാർലമെൻറ് അങ്കണത്തിൽ പ്രതിഷേധ ധർണയും നടത്തി.

കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, കോൺഗ്രസ് പാർലമെൻററി പാർട്ടി അധ്യക്ഷ സോണിയ ഗാന്ധി, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി എന്നിവരുടെ നേതൃത്വത്തിലായിരുന്നു പാർലമെൻറ് അങ്കണത്തിൽ പ്രതിഷേധം.

അതേസമയം, പ്രതിപക്ഷ ആരോപണങ്ങൾ കേന്ദ്രധനമന്ത്രി നിർമല സീതാരാമൻ രാജ്യസഭയിൽ മറുപടി നൽകി. ബജറ്റ് പ്രസംഗത്തിൽ ഒരു സംസ്ഥാനത്തിന്റെ പേര് പറഞ്ഞില്ലെന്ന് കരുതി, കേന്ദ്രസർക്കാരിന്റെ സഹായങ്ങൾ ആ സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നില്ലെന്നാണോ അർഥമെന്ന് മന്ത്രി ചോദിച്ചു.

എല്ലാ ബജറ്റിലും രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളുടേയും പേര് പറയാൻ സാധിക്കില്ലെന്നത് വളരെക്കാലം രാജ്യം ഭരിച്ച കോൺഗ്രസിന് വ്യക്തമായി അറിയാം. കോൺഗ്രസിന്റെ ബജറ്റ് പ്രസംഗങ്ങളിൽ എല്ലാ സംസ്ഥാനങ്ങളുടേയും പേര് പറഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാൻ വെല്ലുവിളിക്കുകയാണെന്നും നിർമല സീതാരാമൻ കൂട്ടിച്ചേർത്തു.

കസേര സംരക്ഷിക്കാനുള്ള ബജറ്റെന്ന രാഹുൽ ഗാന്ധിയുടെ ആരോപണം, രാജ്യസഭയിലെ പ്രതിപക്ഷനേതാവായ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ സഭയിൽ ആവർത്തിച്ചിരുന്നു. ബജറ്റിൽ അവഗണിക്കപ്പെട്ട സംസ്ഥാനങ്ങളുടെ പേരെടുത്ത് പറഞ്ഞായിരുന്ന ഖാർഗെയുടെ വിമർശനം. ഇതിനു മറുപടിയായായാണ് ധനമന്ത്രിയുടെ പ്രസംഗം.

ഇതിനു പിന്നാലെ പ്രതിപക്ഷാംഗങ്ങൾ സഭയിൽ വലിയ പ്രതിഷേധമാണുയർത്തിയത്. ജോൺ ബ്രിട്ടാസിനേയും പ്രിയങ്ക ചതുർവേദിയേയും സഭാധ്യക്ഷൻ ജഗ്ദീപ് ധൻകർ പേരെടുത്ത് താക്കീത് ചെയ്യുകയും ചെയ്തു.

## തൊഴിൽ നേടാൻ സുവർണാവസരം

കേരള നോളജ് ഇക്കോണമി മിഷൻ . ഫിഷറീസ് ഡിപ്പാർട്ട്മെന്റ് , കുടുംബശ്രീ മിഷൻ, കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ടറി, എന്നിവരുടെ ആഭിമുഖ്യത്തിൽ 25/07/2024 വ്യാഴാഴ്ച രാവിലെ 9:30 മണി മുതൽ നീണ്ടകര ഫിഷറീസ് അവയർനസ്സ് സെന്ററിൽ വച്ച് പ്ലേസ്മെന്റ് ഡ്രൈവ് (ജോലി ഒഴിവുകളുടെ അഭിമുഖം) സംഘടിപ്പിക്കുന്നു.

ഇന്ത്യയിലെ പ്രമുഖ സ്ഥാപനമായ ഘ&ഠ യുടെ 500 ൽ അധികം വേക്കൻസികളിലേക്ക് അഭിമുഖം നടത്തുന്നു മറ്റ് പ്രമുഖ സ്ഥാപനങ്ങളിലെ ഒഴിവുകളിലേക്ക് വെച്വൽ ഇന്റർവ്യൂ നടത്തെപ്പെടുന്നതാണ് ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് അറിയിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് നിങ്ങളുടെ പഞ്ചായത്തിലെ/ നഗരസഭയിലെ കുടുംബശ്രീ സി ഡി എസ് ഓഫീസ്, ഫിഷറീസ് ഓഫീസ് മുഖേന ബന്ധപ്പെടാവുന്നതാണ്




## ക്യാംപസ് ഇൻഡസ്ട്രിയൽ പാർക്കുകൾ ഉന്നതവിദ്യാഭ്യാസ, വ്യവസായ മേഖലകളിൽ ചരിത്രം സൃഷ്ടിക്കും: മന്ത്രി പി രാജീവ്

ക്യാംപസുകളുടെ അക്കാദമികവും നിപുണതയുമാർന്ന വിഭവ ശേഷി ഉപയോഗിച്ച് നിലവിൽ വരുന്ന ക്യാംപസ് ഇൻഡസ്ട്രിയൽ പാർക്കുകൾ ചരിത്രം സൃഷ്ടിക്കുമെന്ന് മന്ത്രി പി രാജീവ് പറഞ്ഞു. തിരുവനന്തപുരത്ത് ക്യാംപസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയാരുന്നു മന്ത്രി. അക്കാദമിക ലോകവും തൊഴിൽ മേഖലയും തമ്മിലുള്ള അന്തരം കുറക്കേണ്ടതുണ്ട്. പ്രൊഫഷണൽ കോളേജുകളെപ്പോലെ ആർട്സ് ആൻഡ് സയൻസ് കോളജുകൾക്കും നവീന ആശയങ്ങൾ സാക്ഷാത്ക്കരിക്കാവുന്നതാണ് വിദ്യാർഥികൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും വ്യവസായ അക്കാദമിക സഹകരണം ശക്തിപ്പെടുത്തുന്നതിനുമാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ വിഭാവനം ചെയ്തിരിക്കുന്നത്. വിനിയോഗിക്കാത്ത ഭൂമി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കൊപ്പം വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. അക്കാദമിക ആവശ്യങ്ങൾക്ക് ശേഷം മിച്ചമുള്ള ഭൂമിയെയാണ് പദ്ധതിയിലേക്ക് ഉൾപ്പെടുത്താവുന്നത്.

ആർട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐടിഐകൾ, മുതലായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ക്യാംപസ് ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കാം. വ്യവസായ പാർക്ക് വികസിപ്പിക്കാൻ തയ്യാറുള്ള കുറഞ്ഞത് 5 ഏക്കർ ഭൂമിയുള്ളതോ അല്ലെങ്കിൽ കുറഞ്ഞത് 2 ഏക്കർ ഭൂമി കൈവശം വയ്ക്കുന്ന സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (ടഉഎ) നിർമ്മിക്കാൻ തയ്യാറായ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് ഡെവലപ്പർ പെർമിറ്റ് ലഭിക്കുന്നതിന് അപേക്ഷിക്കാം. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏൽപ്പിച്ച ഭാവി സംരംഭകർക്കും സ്ഥാപനങ്ങൾക്കും ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കിന്റെ ഡെവലപ്പർമാരാകാം. ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കിനായി നിർദ്ദേശിച്ചിരിക്കുന്ന ഭൂമി വ്യാവസായിക ഉപയോഗത്തിന് യോഗ്യമായിരിക്കും. ഇത് 2008ലെ കേരള നെൽവയൽ, തണ്ണീർത്തട ഭൂമി സംരക്ഷണ നിയമത്തിന്റെ പരിധിയിലോ പരിസ്ഥിതിലോല പ്രദേശങ്ങളിലോ (ഋടഅ) തീരദേശ നിയന്ത്രണ മേഖലയിലോ ഒഴിവാക്കപ്പെട്ട പ്ലാന്റേഷൻ ഏരിയയിലോ ഉൾപ്പെടുന്നതാകരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 'നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്' സഹിതം വിദ്യാഭ്യാസ സ്ഥാപനം ഓൺലൈനായി അപേക്ഷിക്കുന്നതാണ് നടപടി ക്രമം. സ്ഥാപനം അല്ലെങ്കിൽ സ്ഥാപനം ചുമതലപ്പെടുത്തിയ സംരഭകൻ എൻ ഒ സി സഹിതമാണ് അപേക്ഷിക്കേണ്ടത്. പരസ്പരം രൂപീകരിച്ച കരാറും സമർപ്പിക്കേണ്ടതുണ്ട്. വൈദ്യുതി, വെള്ളം, റോഡ്, ഡ്രെയിനേജ്, ഋഠജ/ഇഋഠജ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ, ലബോറട്ടറി, ടെസ്റ്റിംഗ്, സർട്ടിഫിക്കേഷൻ സൗകര്യങ്ങൾ തുടങ്ങിയ പൊതു സൗകര്യങ്ങൾക്കായി ഒരു പാർക്കിന് നിബന്ധനകൾക്ക് വിധേയമായി 150 ലക്ഷം രൂപ വരെ പരിധിയിൽ, ഏക്കറിന് 20 ലക്ഷം രൂപ വരെ വായ്പയായി നൽകും. ഓരോ കാമ്പസിനും ഇൻഡസ്ട്രിയൽ പാർക്കിന് വിൻഡോ ക്ലിയറൻസ് ബോർഡ് രൂപീകരിക്കുകയും അനുമതിക്കുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിക്കുകയും ചെയ്യും.

ഈ വർഷം 25 പാർക്കുകൾക്ക് അനുമതി നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്.